# വേദാഭിമാനി

Vol.22 | No.1 | കാർത്തികപ്പള്ളി | R.No. 7361/02 | 2022 JANUARY

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com





**കാലത്തിന്റെ ചുവരിൽ മറ്റൊരു കലണ്ടർ. എല്ലാവർക്കും ലഭിച്ചു മറ്റൊരു ജന്മദിനാവകാശം. വയസിൽ ഒരു വർഷം കൂടെ എഴുതിച്ചേർക്കപ്പെട്ടു. പുറകോട്ടു നോക്കുക. ചെയ്യരുതാത്തത് ചെയ്തു. ചെയ്യേണ്ടത് ചെയ്തില്ല നിരാശ.... അനുതാപം. മുൻപോട്ട് നോക്കുക. നേട്ടങ്ങൾക്കു വേണ്ടിയുള്ള നെട്ടോട്ടം. അവസാനം വെറും കൈയ്യോടെ ഒരു യാത്ര. ഭൂതകാലത്തിന്റെയും ഭാവികാലത്തിന്റെയും മധ്യത്തിലുള്ള ഈ വർത്തമാനകാലത്തിൽ ലക്ഷ്യമെന്തെന്ന് തിരിച്ചറിഞ്ഞ് ഇരുട്ടിന്റെ പ്രവർത്തികളെ ഉപേക്ഷിച്ച് പുതുജീവൻ പ്രാപിച്ച് യേശുവിനെ അഭിമുഖീകരിക്കാൻ ഒരുങ്ങാം.**

# കാഴ്ച നൽകി ചരിത്രനേട്ടം



കാഴ്ച നഷ്ടപ്പെട്ടയാൾക്ക് തലച്ചോറിൽ ഘടിപ്പിച്ച പ്രത്യേക ഉപകരണങ്ങൾ വഴി കാഴ്ച തിരികെ ലഭിച്ചു. അമേരിക്കൻ ഗവേഷകരാണ് ചരിത്രപരമായ ഈ നേട്ടം സ്വന്തമാക്കിയിരിക്കുന്നത്. ടോക്സിക് ഒപ്റ്റിക് ന്യൂറോപതി എന്ന അപൂർവ രോഗം ബാധിച്ച അറുപതുകാരിയായ ബെർന ഗോമസിനാണ് ശാസ്ത്രനേട്ടത്തിലൂടെ കാഴ്ച ലഭിച്ചിരിക്കുന്നത്. രണ്ട് ഡയമൻഷനിൽ വസ്തുക്കൾ തിരിച്ചറിയാനും അക്ഷരങ്ങൾ വായിച്ചെടുക്കാനും ബെർനയ്ക്ക് സാധിച്ചു.

നാൽപ്പത്തിരണ്ടാം വയസ്സിൽ ബാധിച്ച ടോക്സിക് ഒപ്റ്റിക് ന്യൂറോപതിയാണ് ബെർന ഗോമസിന്റെ ജീവിതം മാറ്റിമറിച്ചത്. കണ്ണിൽനിന്നും തലച്ചോറിലേക്കുള്ള ഞരമ്പുകളെ ബാധിക്കുന്ന ഈ രോഗം മൂലം ദിവസങ്ങൾക്കകം അവർക്ക് കാഴ്ച നഷ്ടമായി. ശാസ്ത്ര അദ്ധ്യാപികയായിരുന്ന അവർക്ക് ജോലി ചെയ്യുക അസാധ്യമായി. രണ്ട് മക്കളുടേയും ഭർത്താവിന്റേയും മുഖം ഓർമ്മകളിൽ മാത്രമായി. ബെർന എടുത്ത ധീരമായ ഒരു തീരുമാനമാണ് അവർക്ക് കാഴ്ച് തിരികെ നൽകിയിരിക്കുന്നത്.

# മമ്മികളിൽ നിന്ന് മനുഷ്യമുഖങ്ങൾ

2797 വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്നവരെന്ന് കരുതപ്പെടുന്ന മൂന്ന് ഈജിപ്റ്റുകാരുടെ മുഖങ്ങൾ പുനർനിർമ്മിച്ച് ശാസ്ത്രം. അവരുടെ മമ്മികളിൽ നിന്നും ലഭിച്ച ജനിതക വിവരങ്ങൾ ഉപയോഗി



ച്ചാണ് സഹസ്രാബ്ദങ്ങൾക്കപ്പുറം ഈ മനുഷ്യരൂപങ്ങൾ വീണ്ടും ജനിച്ചത്. ബി.സി.780-നും എ.ഡി. 5-നും ഇടയിലാണ് കെയ്റോയിലെ പൗരാണിക നഗരത്തിൽ ഈ മമ്മികളെ സംസ്ക്കരിച്ചതെന്ന് കരുതപ്പെടുന്നു. ജർമ്മനിയിലെ മാക്സ്പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകരാണ് 2017-ൽ ഈ മമ്മികളുടെ ഡി.എൻ.എ. വേർതിരിച്ചെടുത്തത് അമേരിക്കയിലെ വിർജീനിയയിലുള്ള പാരബോൺ നാനോലാബ്സ് ആണ് ഫോറൻസിക് ഡി.എൻ.എ. ഫെനോടൈപിങ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ മമ്മികളുടെ മുഖം പുനർനിർമ്മിച്ചത്.

പാരബോൺ നാനോലാബ്സ് മമ്മികളുടെ ത്രിഡിയിലുള്ള മുഖങ്ങളാണ് നിർമ്മിച്ചിരിക്കുന്നത്. ജനിതക പാരമ്പര്യം, കൃഷ്ണമണിയുടെ നിറം, മുടിയുടെ നിറം, ചർമത്തിന്റെ നിറം, മുഖത്തിന്റെ ആകൃതി തുടങ്ങി നിർണ്ണായകമായ പല വിവരങ്ങളും ഫോറൻസിക് ഡി.എൻ.എ. ഫെനോടൈപിങ് സാങ്കേതികവിദ്യ വഴി ഗവേഷകർക്ക് ലഭിക്കും. ഉദാഹരണത്തിന് ഒരാളുടെ കൃഷ്ണമണിക്ക് പച്ച നിറമാണോ എന്ന് 61 ശതമാനം കൃത്യതയോടെയും നീലനിറമാണോന്ന് 79 ശതമാനം കൃത്യതയോടെയും ജനിതകവിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഫോറൻസിക് ഡി.എൻ.എ. ഫെനോടൈപിങ് വഴി തിരിച്ചറിയാനാകും.

ലഭ്യമായ ഈ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് 3 ഡി രൂപം പാരബോൺ നാനോലാബ്സ് നിർമ്മിച്ചിരിക്കുന്നത്. ജനിതകവിവരങ്ങൾ ഉപയോഗിച്ച് ആൾരൂപങ്ങൾ തിരിച്ചറിയുന്ന ഈ സാങ്കേതികവിദ്യ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും ഉപയോഗിക്കാനാകും. എങ്കിലും ഇത്രയേറെ പഴക്കമുള്ള ഡി.എൻ.എ.യിൽ നിന്നും മുഖം നിർമ്മിച്ചെടുക്കുന്നത് ആദ്യമായാണെന്ന് പാരബോൺ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ പറയുന്നു.

# ഗൂഗിൾ ദൈവം


ടെക്നോളജി ഭീമൻ മുൻ ജീവനക്കാരൻ മോ ഗൗഡാട് (Mo Gawdat) ആണ് ഓൺലൈൻ ലോകത്തേക്ക് പുതിയൊരു ഭൂതത്തെ ഇറക്കിവിട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ പുതിയ അഭിമുഖത്തിലാണ് ഗൂഗിൾ ഒരു 'ദൈവത്തെ' സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് എന്ന അവകാശവാദം നടത്തിയിരിക്കുന്നത്. ഈജിപ്ത് സ്വദേശിയായ മോ 2007 ലാണ് ഗൂഗിളിൽ ചേർന്നത്. തുടർന്ന് അദ്ദേഹം കമ്പനിയുടെ രഹസ്യ പദ്ധതികളിലൊന്നായ ഗൂഗിൾ എക്സിന്റെ (Google X) ചീഫ് ബിസിനസ് ഓഫീസറായി ജോലിയെടുത്തു വരികയായിരുന്നു. ഗൂഗിളിൽ നേരിട്ടുകണ്ട ചില കാര്യങ്ങളാണ് മോ പുറത്തു



വിട്ടിരിക്കുന്നത്. അദ്ദേഹം ഇപ്പോൾ നടത്തിയിരിക്കുന്ന വെളിപ്പെടുത്തൽ കമ്പനിയുടെ രഹസ്യപദ്ധതികളിലൊന്നിലേക്ക് വെളിച്ചം വീശിയിരിക്കുകയാണെന്നാണ് യു.കെ.കേന്ദ്രമായി പ്രസിദ്ധീകരിക്കുന്ന എക്സ്പ്രസ് അടക്കമുള്ള മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത്.

# കണ്ണട മതി ക്യാമറ വേണ്ട

ഇനി ഫോട്ടോയും വീഡിയോയും പകർത്താൻ കയ്യിലിരിക്കുന്ന ഫോൺ ഉപയോഗിക്കുകയൊന്നും വേണ്ട. വച്ചിരി



ക്കുന്ന കണ്ണടയിലുള്ള ക്യാമറകൾ പ്രവർത്തിപ്പിച്ചാൽ മാത്രം മതി. പ്രമുഖ കണ്ണട നിർമ്മാണ കമ്പനിയായ റെയ്ബാനുമായി (Ray-Ban) സഹകരിച്ച് ഫെയ്സ്ബുക്കാണ് പുതിയ സ്മാർട് കണ്ണട അവതരിപ്പിച്ചത്. 'റെയ്-ബാൻ സ്റ്റോറീസ്' എന്നു പേരിട്ടിരിക്കുന്ന ഗ്ലാസിന് ഇരുവശത്തുമായി രണ്ടു ക്യാമറകളും, ഇയർഫോണുകളായി പ്രവർത്തിക്കാവുന്ന തരത്തിലുള്ള സ്പീക്കറുകളും ഉണ്ടെന്ന് ബ്ലൂംബർഗ് റിപ്പോർട്ടു ചെയ്യുന്നു. ഈ സ്മാർട്ട് ഗ്ലാസുമായി ബന്ധിപ്പിക്കുന്ന ഫോണിലേക്ക് വരുന്ന കോളുകൾ സ്വീകരിക്കാനും മറുപടി പറയാനും സാധിക്കും. ഫോണിലുള്ള പാട്ടുകൾ വയർലെസ് ഇയർഫോണിലേത് പോലെ കേൾക്കുകയും ചെയ്യാം എന്നതാണ് സ്മാർട്ട് ഗ്ലാസിന്റെ പ്രധാന ഗുണങ്ങൾ.

# കില്ലർ സ്നൈപ്പർ

ഏതാണ്ട് 1.20 കിലോമീറ്റർ അകലത്തിലുള്ള വസ്തുവിനെ വെടിവെച്ചിടുന്ന 'കില്ലർ സ്നൈപ്പർ റോബോട്ട്' നായയെ അവതരിപ്പിച്ച് അമേരിക്കൻ സൈന്യം. ഫിലാഡൽഫിയ ആസ്ഥാനമായുള്ള ഗോസ്റ്റ് റോബോട്ടിക്സും നെവാഡയിലെ സ്വോഡ് (SWORD) ഇന്റർനാഷണൽ ഓഫ് സ്പാർക്സും ചേർന്നാണ് ഈ റോബോ നായയെ നിർമ്മിച്ചിരിക്കുന്നത്. വിദൂര നിയന്ത്രണ സംവിധാനം വഴി ഈ സ്പെഷ്യൽ പർപസ് അൺമാൻഡ് റൈഫിളിലെ (SPUR) തിരകൾ നിറയ്ക്കാനും ലക്ഷ്യം വെച്ച് വെടിയുതിർക്കാനും ഇതിനു സാധിക്കും.



2015 മുതൽ തന്നെ റോബോട്ടിക് നായകളെ നിർമിക്കുന്ന കമ്പനിയാണ് ഗോസ്റ്റ് റോബോട്ടിക്സ്. ബോംബുകളെ നിർവീര്യമാക്കുന്ന ഉപകരണങ്ങളും ഈ റോബോട്ടിക് നായകളിൽ വിജയകരമായി ഘടിപ്പിച്ചിട്ടുമുണ്ട്. എന്നാൽ, ആദ്യമായാണ് തോക്ക് ഘടിപ്പിച്ചുകൊണ്ട് ഈ റോബോട്ടിക് നായയെ കൊലയാളി റോബോട്ടാക്കി മാറ്റുന്നത്. നിരപ്പില്ലാത്ത പ്രദേശങ്ങളിലൂടെ നിലതെറ്റാതെ പോകാനുള്ള ശേഷിയാണ് ഈ റോബോട്ടിക് നായയുടെ പ്രത്യേകതകളിലൊന്ന്. ചക്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങൾക്ക് പോകാനാവാത്ത പ്രദേശങ്ങളിലേക്കും എളുപ്പം പോകാൻ ഇവയ്ക്കാകും.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# കഷ്ടതയ്ക്കു പിന്നിലെ ദൈവഹിതം

ആത്മീയ പക്വതയുടെ ആത്യന്തികലക്ഷ്യവും അളവുകോലും യേശുക്രിസ്തുവാണ്. യേശുവിനെപ്പോലെയാകുന്നതാണ് ആത്മീയപക്വതയുടെ പൂർണത. യേശുവിനെപ്പോലെ എത്രത്തോളമായി എന്നതാണു പക്വതയിലേക്കുള്ള വളർച്ചയുടെ അളവുകോൽ.

ആത്മീയപക്വതയുടെ പൂർണതയെ അപ്പൊസ്തലനായ പൗലൊസ് 'അവിടുത്തെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാകുക' എന്ന പദപ്രയോഗം കൊണ്ടാണു വിവരിക്കുന്നത് (റോമ.8:29). പുത്രന്റെ സ്വരൂപം (image) ദൈവത്തിന്റെ സ്വരൂപം തന്നെയാണെന്ന് കൊലോസ്യർ 1:15, 2 കൊരിന്ത്യർ 1:4 എന്നീ വാക്യങ്ങളും (അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമ, ദൈവപ്രതിമയായ ക്രിസ്തു) വ്യക്തമാക്കുന്നു. ഈ ദൈവസ്വഭാവത്തോട് കൂടുതൽ കൂടുതൽ അനുരൂപമായി പക്വതയിലേക്കു വളരുന്നതിനെ പൗലൊസ് തേജസ്സിന്മേൽ തേജസ്സ് പ്രാപിക്കുക' എന്നാണു വിവരിക്കുന്നത് (2 കൊരി.3:18). സമ്പൂർണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്നതാണു വളർച്ചയെന്നും പൗലൊസ് വിശദീകരിക്കുന്നുണ്ട് (കൊലൊ.3:10).



ഇങ്ങനെ ദൈവസ്വരൂപത്തിനനുസൃതമായി നവീകരിക്കപ്പെടുന്നില്ലെങ്കിൽ ക്രിസ്ത്യാനികൾ സമൂഹത്തിൽ നിഷേധമാതൃകകളായി (Negative examples) മാറും. തേജസ്സേറിയ സുവിശേഷസന്ദേശം കേട്ടപ്പോൾ ഭാരതീയർ ആദ്യം ഇങ്ങനെ പ്രതികരിച്ചു: 'ഇതു സത്യമല്ല' (It is not true) കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവർ അവരുടെ നിലപാടു മാറ്റി ഇങ്ങനെ പറഞ്ഞു. ഇത് പുതിയതല്ല (It is not new). എന്നാൽ വീണ്ടും നാളുകൾ മുന്നോട്ടു പോയപ്പോൾ സുവിശേഷത്തിൽ പുതിയതായി ഒന്നുണ്ടെന്നും അതു യേശുക്രിസ്തുവാണെന്നും തിരിച്ചറിഞ്ഞ അവർ ക്രിസ്ത്യാനികളെ നോക്കി ഇങ്ങനെ പറഞ്ഞു: പക്ഷേ അതു നിങ്ങളല്ല' (But it is not you). നാം യേശുവിനോട് അനുരൂപരാകുന്നില്ലെങ്കിൽ സമകാലിക സമൂഹം നമ്മെ നോക്കി പറയും: 'എല്ലാം കൊള്ളാം. പക്ഷേ നിങ്ങൾ അതുപോലെയല്ലല്ലോ'. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് അവിടുത്തെ ജനം എന്ന നിലയിൽ ക്രിസ്തുവിനെ നമ്മിലൂടെ വെളിവാക്കി കാണിക്കുക എന്നതാണ്.

ക്രിസ്തു സ്വഭാവം പ്രതിഫലിക്കത്തവണ്ണം നമ്മെ ആത്മീയ വളർച്ചയിലേക്കു നയിക്കുവാൻ ദൈവത്തിനു തന്റേതായ മാർഗ്ഗങ്ങളുണ്ട്. ദൈവം കഷ്ടതകളെ ഇതിനായി ഏതുവിധത്തിൽ ഉപയോഗപ്പെടുത്തുന്നുവെന്ന കാര്യം മാത്രം തുടർന്നു ചിന്തിക്കാം.

അത്യാഹിതങ്ങൾ, രോഗങ്ങൾ, ദുരന്തങ്ങൾ എന്നിങ്ങനെയുള്ള കഷ്ടതകളൊന്നും ദൈവത്തിൽ നിന്നുവരുന്നതല്ല. എല്ലാ നന്മയുടേയും മൂർത്തിമത്ഭാവമായ, വെളിച്ചമായ, ഇരുട്ട് ഒട്ടും ഇല്ലാത്ത ദൈവത്തിൽ നിന്ന് നല്ല ദാനങ്ങൾ മാത്രമാണു വരുന്നത് (1 യോഹ.1:5; യാക്കോ.1:17). എന്നാൽ കഷ്ടതകളാൽ തന്റെ മക്കളെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ ചിലപ്പോൾ അനുവദിക്കുമെന്നു ഇയ്യോബിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു. ദൈവമക്കളെ ഒടുക്കിക്കളയുക എന്ന ഉദ്ദേശ്യത്തോടെ സാത്താൻ കൊണ്ടുവരുന്ന കഷ്ടതകൾ അവർക്ക് അനുവദിക്കുന്നതിനു ദൈവത്തിനു തന്റേതായ കാരണങ്ങളുണ്ട്. ഇയ്യോബിന്റെ പുസ്തകത്തിൽ നിന്ന് അത്തരം അഞ്ചു കാരണങ്ങളെങ്കിലും കണ്ടെത്താം. ഇയ്യോബിന്റെ അനുഭവങ്ങളിൽ നിന്ന് ഒന്നാമതു സ്വർഗ്ഗീയ ദൂതന്മാർക്കു മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ഗ്രഹിക്കാൻ കഴിഞ്ഞു. രണ്ടാമത്, ഇയ്യോബ് ദൈവത്തെ സേവിച്ചത് അവനു ലഭ്യമായ അനുഗ്രഹങ്ങളുടെ അടിസ്ഥാനത്തിലല്ലെന്നു സാത്താന്റെ മുൻപിൽ തെളിയിക്കുവാൻ അവിടുത്തേക്കു കഴിഞ്ഞു. മൂന്നാമത് തന്റെ ഭൃത്യനെ ശോധനകളിലൂടെ കടത്തിവിട്ടുവെങ്കിലും അവിടുത്തെ ദയയും കരുണയും തീർന്നുപോകുന്നതല്ലെന്നു ഇയ്യോബിനു വ്യക്തമാക്കിക്കൊടുക്കാൻ ദൈവത്തിനു സാധിച്ചു. നാലാമതു കഷ്ടതകളെല്ലാം തെറ്റിനുള്ള ദൈവശിക്ഷയല്ലെന്നു ഇയ്യോബിന്റെ സ്നേഹിതന്മാരുടെ മുൻപാകെ തെളിയിച്ചുകൊടുക്കാൻ കഴിഞ്ഞു. തങ്ങളെത്തന്നെ തിരിച്ചറിയുവാൻ ശോധനകളിലൂടെ കടന്നുപോയി പാഠങ്ങൾ പഠിക്കേണ്ടിവരുമെന്നു തലമുറയായി എല്ലാ ദൈവമക്കൾക്കും വ്യക്തമാക്കിക്കൊടുക്കാനും ഇയ്യോബിന്റെ അനുഭവത്തിലൂടെ സാധിച്ചു. നോക്കുക: ഇയ്യോബിനു നേരേ സാത്താൻ കൊണ്ടുവന്ന കഷ്ടതകളെ തന്റെ ഉദ്ദേശ്യനിവൃത്തിക്കായും ഇയ്യോബിന്റെയും മറ്റുള്ളവരുടേയും ആത്യന്തിക നന്മയ്ക്കായും ദൈവനാമമഹത്വത്തിനായും അവിടുന്ന് ഉപയോഗപ്പെടുത്തി!

ദൈവനാമമഹത്വത്തിന് കഷ്ടതകൾ ഉപകരിക്കപ്പെടണമെങ്കിൽ അതിലൂടെ കടന്നുപോകുന്ന ആൾ അതിനെ താഴ്മയോടെ സ്വീകരിക്കേണ്ടതുണ്ട്. യേശുവിന്റെ ജീവിതത്തിൽ നിന്ന് ഒരു സന്ദർഭം ഇങ്ങനെ: യോഹന്നാൻ 12 ന്റെ 20–33 വചനങ്ങളിൽ തനിക്കു സഹിക്കേണ്ട കഷ്ടങ്ങളെക്കുറിച്ചും ക്രൂശു മരണത്തെക്കുറിച്ചും വിവരിക്കവേ യേശു പറയുന്നു: 'ഞാൻ എന്താണു പറയേണ്ടത്? പിതാവേ ഈ മണിക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമേ എന്നാണോ? അല്ല. ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിലേക്കു ഞാൻ വന്നത്' (12:27). ആ കഷ്ടതയുടെ സാഹചര്യം പിതാവുതന്നെ തന്നതാണെന്ന (യോഹ.17:7) ബോധ്യത്തോടെ, താഴ്മയോടെ, അതിനെ യേശു സ്വീകരിക്കുന്നു. അപ്പോൾ ദൈവനാമം മഹത്വപ്പെട്ടു (യോഹ.12:28).

പെട്ടെന്നു വരുന്ന കഷ്ടതകളോട്, രോഗങ്ങളോട് പ്രതികരിക്കുമ്പോൾ ആളുകൾ നാലുതരം മാനസികാവസ്ഥയിലൂടെ കടന്നുപോകും എന്നു പറയാറുണ്ട്. ആദ്യത്തേതു നിഷേധമാണ്. "ഏയ് എനിക്ക് ഇങ്ങനെ വരികയില്ല" എന്ന നിരാകരണം. രണ്ടാമത്തേത് ദേഷ്യമാണ്. "എനിക്കു മാത്രം ഇതെന്തു കൊണ്ടുവന്നു?" എന്നു ദൈവത്തോടും മറ്റു മനുഷ്യരോടുമുള്ള ഈർഷ്യയുടെ മനോഭാവം. മൂന്നാമത്തേതു വിഷാദവും നിരാശയുമാണ്. "എന്നാലും എനിക്കു മാത്രം ഇങ്ങനെ വന്നല്ലോ" എന്ന പരിദേവനം. ഒടുവിലായാണ് അതിനെ സ്വീകരിക്കുന്ന, അംഗീകരിക്കുന്ന മനോഭാവത്തിലേക്കു വരുന്നത്. ഒരു യഥാർത്ഥവിശ്വാസി വളരെവേഗം ഈ നാലാമത്തെ മനോഭാവത്തിലേക്കു വരും. 'ഈ സാഹചര്യം എന്റെ സ്വർഗ്ഗീയപിതാവ് അനുവദിച്ചതാണ്. ഇതിനുവേണ്ടിയാണല്ലോ ഞാൻ ഈ നാഴികയിലേക്കു വന്നത്' എന്ന് അംഗീകരിച്ച് താഴ്മയിൽ അതു സ്വീകരിക്കുമ്പോൾ വെയിലത്തു വച്ച വെണ്ണപോലെ ദൈവത്തിന് അവന്റെ സ്വഭാവത്തെ, കാഴ്ചപ്പാടിനെ, മനോഭാവത്തെ എല്ലാം തന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപമായി നവീകരിക്കാൻ എളുപ്പമായിരിക്കും. അവൻ ദിവ്യസ്വഭാവത്തിലേക്ക് വളരെ വേഗം വളരുന്നു. കഷ്ടങ്ങൾ ഉപയോഗപ്പെടുത്തി ദൈവം ഒരുവനെ ആത്മീയ പക്വതയിലേക്കു നയിക്കുന്നത് ഇവ്വിധമാണ്.

എന്നാൽ കഷ്ടതയെ ദൈവം അനുവദിച്ച സാഹചര്യമായി സ്വീകരിക്കാതെ നിഷേധത്തിലും ദേഷ്യത്തിലും വിഷാദത്തിലും അതിനോടു പ്രതികരിക്കുന്ന ഒരുവൻ വെയിലത്തു വച്ച കളിമണ്ണുപോലെ കൂടുതൽ കഠിനപ്പെടും. ഫലം അവനെ ദിവ്യസ്വഭാവത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്താൻ ദൈവത്തിനു കഴിയുകയില്ല. ആത്മീയ പക്വതയിലേക്കു വളരുവാൻ അവനു സാധിക്കാതെ പോകും.

അതുകൊണ്ട് കഷ്ടങ്ങളെ നമുക്കു പാഴാക്കാതിരിക്കാം (റോമ.5:3 മുതൽ 5 വരെ ശ്രദ്ധയോടെ വായിക്കുക). പ്രതികൂലസാഹചര്യങ്ങളുടെ 'വരണ്ട നിലത്തു' നില്ക്കുമ്പോഴും ആത്മീയ പക്വതയുടെ ഔന്നത്യങ്ങളിലേക്കു വളർന്ന് വേരൂന്നി ഫലം കായ്ക്കുന്ന ഇല വാടാത്ത വൃക്ഷം പോലെ ആയിരിക്കാം.



# മരുഭൂമി അനുഭവങ്ങൾ

ജീവിതയാത്രയിലെ തിരക്കുകൾക്കിടയിൽ ചിലപ്പോൾ മരുഭൂമി അനുഭവങ്ങൾ സംഭവിച്ചേക്കാം. ആകെ ഉണങ്ങി വരണ്ടുപോകുന്ന അനുഭവങ്ങൾ. ദൈവത്തോട് നമ്മൾ ചോദ്യങ്ങൾ ചോദിക്കുന്ന അവസരങ്ങളാണത്? ദൈവമേ! എന്തുകൊണ്ടാ എന്റെ ജീവിതത്തിൽ പ്രവർത്തിക്കാത്തത്? അവിടുന്ന് എനിക്കു തന്ന വാഗ്ദാനങ്ങൾ പൂർത്തിയാക്കാത്തതെന്തുകൊണ്ട്? എന്തുകൊണ്ട് ഇതെല്ലാം സംഭവിക്കുന്നു? എന്തുകൊണ്ടാണ് എന്നോട് സംസാരിക്കാത്തത്? ദൈവമേ അവിടുന്ന് എവിടെയാണ്? ആത്മാവിന്റെ ആഴങ്ങളിൽ നിന്ന് ഇത്തരം ചോദ്യങ്ങളുയരുന്നതാണ് മരുഭൂമി അനുഭവം. പഴയനിയമത്തിലെ ഇയ്യോബിന് ഈ അനുഭവത്തിലൂടെ കടന്നുപോകേണ്ടിവന്നു. ഒരു ശിശുവിന്റെ വളർച്ചയുടെ കാലഘട്ടങ്ങൾപോലെയാണ് നമ്മുടെ ആത്മീയജീവിതം. ശൈശവദിശയിൽ ഭക്ഷണപാനീയങ്ങൾ കൊടുത്തതുപോലെ മക്കൾ വളരുമ്പോൾ കൊടുക്കാറില്ല. ഒരു കുട്ടിക്ക് പതിനെട്ടു വയസ്സാകുമ്പോൾ കുട്ടിക്കാലത്തെപ്പോലെ അമ്മ ഭക്ഷണം കൊടുക്കാറില്ല. കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ പഴയതുപോലെ കൂടെനിന്നു സഹായിക്കേണ്ടതില്ലല്ലോ. സ്വന്തമായി വളർന്നുവരുവാൻ ഇങ്ങനെയുള്ള പ്രവൃത്തികൾ അനിവാര്യമാണ്. ആത്മീയജീവിതത്തിലും ഇതുതന്നെ സംഭവിക്കുന്നു. ആത്മീയജീവിതത്തിൽ ഒരാൾ വളരുമ്പോൾ പെട്ടെന്ന് ദൈവത്തിന്റെ സാന്നിദ്ധ്യവും മറുപടിയും പ്രതീക്ഷിക്കരുത്! സ്വന്തം കാലിൽ നിൽക്കാൻ പരിശീലിപ്പിക്കുന്ന രീതിയാണത്.



യേശുവിന്റെ സ്നാനം കഴിഞ്ഞയുടൻ പിതാവായ ദൈവം അവനെ പുകഴ്ത്തിപ്പറഞ്ഞു. പരിശുദ്ധാത്മാവിന്റെ അകമ്പടിയോടെ മരുഭൂമിയിലേക്കു നയിച്ചു. ആത്മീയ വളർച്ചയിൽ ദൈവം അകലെയാണെന്നും എന്നെ മറന്നെന്നും തോന്നാം. നമ്മൾ ആഗ്രഹിക്കുന്ന ദിശയിൽ നിന്നും തികച്ചും വ്യത്യസ്തമായ എതിർദിശയിലേക്കാണ് പ്രയാണം ചെയ്യുന്നതെന്നു തോന്നും, ആത്മീയതയിൽ എന്തോ തടസ്സം നില്ക്കുന്നതുപോലെയും തോന്നാം. ദൈവത്താൽ മറന്നവനും പുറന്തള്ളപ്പെട്ടവനുമായി തോന്നുന്ന ഈ അവസരത്തിൽ ദൈവം വളരെ അടുത്തുണ്ട്! ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായി ജീവിക്കണമെങ്കിൽ ഇങ്ങനെയുള്ള മരുഭൂമി യാത്രകൾ നടത്തണം. യഥാർത്ഥത്തിൽ നമ്മളാരും ശരിയായ മരുഭൂമിയിൽ ജീവിച്ചിട്ടില്ല. ഒത്തിരി പ്രത്യേകതയുള്ള സ്ഥലമാണത്. വെള്ളവും പാർപ്പിടവും ലഭ്യമല്ല. പകൽ സമയത്ത് നല്ല ചൂടും രാത്രിയിൽ ശക്തമായ തണുപ്പും കടന്നുവരും. വിശപ്പും ദാഹവും കൊണ്ടു തളരും. പുറത്തേയ്ക്കുള്ള വഴികാണാതെ വലയും. മരുഭൂമിയിലെ ഈ വികാരങ്ങൾ, ആത്മീയജീവിതത്തിലുമുണ്ടാവും. ദൈവത്തെ അനുസരിച്ചു ജീവിച്ചാൽ ഈ മരുഭൂമി അനുഭവത്തെ അതിജീവിക്കാം. ഇതു നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സ്ഥലമാണ്. കൂടുതൽ ഫലദായകമായ ആത്മീയജീവിതം നയിക്കുവാനുള്ള പരിശീലനക്കളരിയാണിത്.

ഉണങ്ങിവരണ്ട ആത്മീയ യാത്രയിൽ നാം പരിഭ്രാന്തരായിത്തീരാം. എങ്ങനെയെങ്കിലും തകർച്ചകളിൽ നിന്നു രക്ഷപെടാമെന്നു കരുതി ബഹളം വച്ചാൽ നമ്മുടെ അസ്വസ്ഥതകൾ വർദ്ധിച്ചുവരും. ഇങ്ങനെയൊരു അവസ്ഥ – ദൈവം അനുവദിച്ചതാണെങ്കിൽ അതിന്റെ പിന്നിൽ ഒരു പദ്ധതിയുണ്ട്. ഇസ്രായേൽ ജനത തങ്ങളുടെ 40 വർഷക്കാലത്തെ മരുഭൂമി യാത്രയിൽ ഇത്തരത്തിലുള്ള അനുഭവങ്ങളിലൂടെ കടന്നുപോയി. ഒരു തലമുറയ്ക്ക് – വാഗ്ദത്ത ഭൂമിയിലെത്തുവാൻ കഴിയാത്തവിധത്തിൽ പിറിമുറുക്കങ്ങൾ അവരെ അലട്ടിക്കൊണ്ടിരുന്നു. വാഗ്ദത്തഭൂമി കീഴടക്കുവാൻ തക്കവിധം ശക്തിയുള്ള യോദ്ധാക്കളായി മാറുവാൻ ഈ മരുഭൂമി അനുഭവം അനിവാര്യമായിരുന്നു. ഈ സത്യം തിരിച്ചറിയാതിരുന്ന അവർ നിരന്തരം പരാതിപ്പെടുകയും അതൊരു ശിക്ഷയായി കാണുകയും ചെയ്തു. നമ്മുടെ കുടുംബത്തിൽ സംഭവിക്കുന്ന അപ്രതീക്ഷിതമായ തകർച്ചകളും, ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളും നമ്മളെ ദുഃഖത്തിലാഴ്ത്താം. വ്യക്തിപരമായ ജീവിതത്തിലെ ദുരന്തങ്ങൾ നമ്മെ നഷ്ടധൈര്യരാക്കിയേക്കാം. തിരിച്ചടികളും, തിക്താനുഭവങ്ങളും മാനുഷികമായി തളർത്താം. ഇതിന്റെയെല്ലാമിടയിൽ പ്രത്യാശയോടെ നാം നിൽക്കണം. നന്മയ്ക്ക് മുമ്പായി ദൈവം അനുവദിക്കുന്ന മരുഭൂമി പരിശീലനമാണത്. തേനും പാലും ഒഴുകുന്ന ഒരു കാനാൻ ദേശത്തെ അനുഭവിക്കുന്നതിനുള്ള ഒരുക്കമാണ് മരുഭൂമി യാത്ര. ദൈവത്തെ അനുസരിക്കുന്നവർക്ക് മരുഭൂമി അനുഭവം പരാജയത്തിന്റെ സ്ഥലമല്ല. വരണ്ട മരുഭൂമി അനുഭവങ്ങളിൽ മനുഷ്യന്റെ സാന്നിധ്യമല്ല, ദൈവത്തിന്റെ സാന്നിധ്യം കാംക്ഷിക്കുക. ദൈവത്തിന്റെ അത്ഭുതങ്ങളും അടയാളങ്ങളും തേടുന്നതിനു പകരം ദൈവത്തിന്റെ ഹൃദയം തേടാനുള്ള സമയമാണിത്. മരുഭൂമി അനുഭവത്തിന്റെ മണൽക്കാട്ടിൽ ദൈവത്തിന്റെ ശാന്തമായ ശബ്ദത്തിനായി കാത്തിരിക്കാം.




# നമ്മുടെ വിളക്കുകൾ തെളിഞ്ഞുനിൽക്കട്ടെ



സ്പ്രിംഗ് ഫീൽഡ്, അമേരിക്കയിലെ ഇല്ലിനോയി സംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. ഒരുലക്ഷത്തോളം പേർ മാത്രം അധിവസിക്കുന്ന ഈ കൊച്ചു നഗരത്തിൽ പല ടൂറിസ്റ്റുകേന്ദ്രങ്ങളുണ്ട്. അവയിലൊന്ന് അമേരിക്കൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കന്റെ പഴക്കംചെന്ന വീടാണ്. ഈ വീടിനെ പശ്ചാത്തലമാക്കിയുള്ള ഒരു കഥ ഇവിടെ കുറിക്കട്ടെ.

ഒരിക്കൽ സ്പിംഗ്ഫീൽഡിലുള്ള ഒരു സ്ത്രീ തന്റെ കുട്ടികളെ ലിങ്കന്റെ ഭവനം കാണിക്കുവാൻ കൊണ്ടുപോയി. ആ സന്ദർശനത്തിൽ ലിങ്കനെക്കുറിച്ചുള്ള ഒട്ടേറെ കഥകൾ അവർ തന്റെ കുട്ടികളോടു പറഞ്ഞു. അമേരിക്കയിൽ ഒരുകാലത്തു നിലനിന്നിരുന്ന അടിമവ്യാപാരം ലിങ്കൺ നിർത്തലാക്കിയ കഥയും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ലിങ്കനെക്കുറിച്ച് വളരെ നല്ല അഭിപ്രായവുമായിട്ടായിരുന്നു അന്ന് കുട്ടികൾ മടങ്ങിപ്പോയത്.

പിന്നീടൊരിക്കൽ ഈ സ്ത്രീയും കുട്ടികളും ലിങ്കന്റെ വീടിനു മുന്നിൽക്കൂടി കടന്നുപോകാനിടയായി. അപ്പോൾ രാത്രിയായിരുന്നു. ലിങ്കന്റെ വീടിനുള്ളിൽ ലൈറ്റുകൾ തെളിഞ്ഞു. കൊച്ചുകുട്ടികളിലൊരാൾ പറഞ്ഞു: "അമ്മേ നോക്കൂ, വീടിനുള്ളിലെ ലൈറ്റ് കെടുത്താതെയാണ് ലിങ്കൺ പോയത്". ഇതു കേട്ടയുടനെ ആ അമ്മ പറഞ്ഞു: "ശരിയാണ്. നമുക്കു പ്രകാശം ലഭിക്കുവാൻ വേണ്ടി അദ്ദേഹം തന്റെ ലൈറ്റുകൾ കെടുത്താതെയാണ് പോയത്."



ലിങ്കൺ വെടിയേറ്റു മരിച്ചിട്ട് ഒരു നൂറ്റാണ്ടിലേറെയായി. എങ്കിലും അദ്ദേഹത്തിന്റെ വീട്ടിൽ രാത്രിയിൽ ഇപ്പോഴും പ്രകാശം കാണാം. ആരും ഇന്നവിടെ താമസിക്കുന്നില്ലെങ്കിലും ആ വീട്ടിലെ വിളക്കുകൾ ഒരിക്കലും കെടുത്താറില്ല. ലിങ്കന്റെ ജീവിതമാതൃക ഇന്നും മറ്റുള്ളവർക്കു പ്രകാശം പരത്തുന്നു എന്നതിന്റെ സൂചനയായി ആ വിളക്കുകൾ എപ്പോഴും കത്തിനില്ക്കുന്നു.

മറ്റുള്ളവർ പലപ്പോഴും അവരുടെ നല്ല ജീവിതമാതൃകയിലൂടെ നമ്മുടെ ജീവിതത്തിൽ പ്രകാശം പരത്താറുണ്ട്. അതിനെക്കുറിച്ചു പലപ്പോഴും നാം നന്ദിയുള്ളവരാണ്. എന്നാൽ, മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശം പരത്താനായി നാം എന്തു ചെയ്യുന്നുവെന്ന് എപ്പോഴെങ്കിലും സ്വയം ചോദിക്കാറുണ്ടോ? നമ്മുടെ നല്ല മാതൃകയിലൂടെയും ബോധപൂർവമായ പെരുമാറ്റത്തിലൂടെയും മറ്റുള്ളവർക്കു പ്രചോദനവും ശക്തിയും നല്കാൻ നമുക്കു സാധിക്കുമെന്നതാണ് വസ്തുത. നാം മനസുവച്ചാൽ നമ്മുടെ നല്ല ജീവിതമാതൃകയിലൂടെ മറ്റുള്ളവരെ ശരിയായ രീതിയിൽ സ്വാധീനിക്കാൻ സാധിക്കുമെന്നതിൽ സംശയം വേണ്ട.

ഹ്രസ്വമാണ് നമ്മുടെ ജീവിതം. എന്നാൽ, നല്ല കാര്യങ്ങൾ ചെയ്യുന്നതിനായി നമ്മുടെ ജീവിതം മാറ്റിവച്ചാൽ നാം ചെയ്യുന്ന നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തെ മഹത്തരമാക്കുമെന്നതിൽ സംശയം വേണ്ട. നാം ചെയ്യുന്ന നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തെ പ്രകാശപൂരിതമാക്കാൻ നാം ഒരു ഗാന്ധിജിയോ ലിങ്കണോ ആയിത്തീരണമെന്നില്ല. നാം നയിക്കുന്നതു വെറും സാധാരണ ജീവിതമാണെങ്കിലും നമ്മുടെ ജീവിതത്തിലെ നന്മയും നല്ല മാതൃകയും നമ്മുടെ ജീവിതത്തെ തീർച്ചയായും ഉന്നതമാക്കും. എന്നുമാത്രമല്ല, അവ എപ്പോഴും മറ്റു മനുഷ്യർക്ക് പ്രചോദനവും ശക്തിയും പകരുകയും ചെയ്യും.

പ്രസിദ്ധരാകാനും മറ്റുള്ളവരുടെ കൈയടി വാങ്ങാനുമൊക്കെയുള്ള ആഗ്രഹം നമുക്കുള്ളതുകൊണ്ട് പലപ്പോഴും നാം ഓരോ കാര്യങ്ങൾ ചെയ്തുകൂട്ടിയെന്നിരിക്കും. എന്നാൽ മറ്റുള്ളവരുടെ യഥാർത്ഥ നന്മ ആഗ്രഹിച്ചുകൊണ്ടല്ല നാം അവ ചെയ്യുന്നതെങ്കിൽ, മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്നവയൊക്കെ നമ്മുടെ പേരും പെരുമയും മോഹിച്ചാണു നാം ചെയ്യുന്നതെങ്കിൽ അവയൊന്നും മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശം പരത്തുന്നതിനു സഹായകരമാവില്ല എന്നതു നാം മറക്കേണ്ട.


നാം നമ്മുടെ ജീവിതത്തിലെ വിളക്കുകൾ തെളിക്കുന്നതു നമ്മെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയാകരുത്. പ്രത്യുത, മറ്റുള്ളവർക്ക് യഥാർഥ വെളിച്ചമാകാൻ വേണ്ടിയാകട്ടെ നമ്മുടെ ജീവിതവിളക്കുകൾ നാം തെളിക്കുന്നത്. അങ്ങനെ, മറ്റുള്ളവർക്ക് യഥാർഥ വെളിച്ചമാകുന്നതിലാകട്ടെ നാം ആനന്ദം കണ്ടെത്തുന്നത്.

മറ്റുള്ളവർക്ക് വെളിച്ചം പകരണമെങ്കിൽ ആദ്യം നമ്മിൽത്തന്നെ വെളിച്ചമുണ്ടായിരിക്കണം എന്നത് എപ്പോഴും നമ്മുടെ ഓർമയിലിരിക്കട്ടെ. നമ്മിൽ വെളിച്ചമില്ലെങ്കിൽ എങ്ങനെയാണു മറ്റുള്ളവർക്കു പ്രകാശം പകരുവാൻ നമുക്കു സാധിക്കുക? നമുക്കുള്ളതല്ലേ മറ്റുള്ളവർക്കു കൊടുക്കാനാകൂ? അതുകൊണ്ടു നമ്മിൽ പ്രകാശമുണ്ടെന്ന് ആദ്യം ഉറപ്പുവരുത്താം.

പക്ഷേ, എങ്ങനെയാണ് നമ്മിൽ പ്രകാശമുണ്ടെന്ന് നാം ഉറപ്പുവരുത്തുക? ലോകത്തിന്റെ വെളിച്ചമായ യേശുവിനെ ഉള്ളത്തിൽ സ്വീകരിച്ച് ജീവിക്കുകയാണെങ്കിൽ അന്ധകാരത്തിന് ഒരിക്കലും നമ്മെ വിഴുങ്ങാനാവില്ല. അതുപോലെ, സ്വാർഥത വെടിഞ്ഞുള്ള ജീവിതമാണു നമ്മുടേതെങ്കിൽ നമ്മിൽ പ്രകാശത്തിനു കടന്നുവരാതിരിക്കാൻ ഒരിക്കലും സാധിക്കുകയില്ല. അതായത്, നാം മനസുവച്ചാൽ നമ്മുടെ ജീവിതത്തിൽ എപ്പോഴും പ്രകാശം ഉണ്ടാകുമെന്നു ചുരുക്കം.

പ്രകാശത്തിന്റെ മനുഷ്യരായി നമുക്കു മാറാൻ ശ്രമിക്കാം. അതുപോലെ, നമ്മുടെ ജീവിതവിളക്കുകൾ എപ്പോഴും തെളിച്ചുനിർത്താനും നമുക്കു ശ്രമിക്കാം.

# സ്വർണം ഇല്ലായിരുന്നെങ്കിൽ



'സ്വർണാഭരണങ്ങൾ ഉണ്ടാകുമായിരുന്നില്ല!' അത്രതന്നെ, സ്വർണം ഇല്ലാത്ത ലോകത്തെപ്പറ്റി. ചോദിച്ചാൽ മിക്കവരും ഇങ്ങനെയേ പറയൂ. കാരണം, ലോകത്തുള്ള സ്വർണത്തിന്റെ പകുതിയിലധികവും ആഭരണങ്ങൾ നിർമ്മാക്കാനാണ് ഉപയോഗിക്കുന്നത്. എന്നാൽ വെറും ആഭരണങ്ങളിൽ ഒതുങ്ങുന്നതല്ല സ്വർണവും മനുഷ്യനും തമ്മിലുള്ള ബന്ധം.

നമ്മൾ ഉപയോഗിക്കുന്ന സ്മാർട്ട്ഫോണുകളുടെയും ലാപ്ടോപ്പുകളുടെയും ഒക്കെ ഉള്ളിൽ വളരെ ചെറിയ അളവിൽ സ്വർണം ഉണ്ട്! ഉയർന്ന ചാലകതയും എത്രകാലം കഴിഞ്ഞാലും തേയ്മാനം സംഭവിക്കാതെ നിൽക്കാനുള്ള കഴിവും എത്ര നീളത്തിൽ വലിച്ചുനീട്ടിയാലും പ്രശ്നമില്ലാതെ നിന്നുകൊടുക്കുന്ന സ്വഭാവവുമൊക്കെ കാരണമാണ് ഇലക്ട്രോണിക് ഉപകരണങ്ങളിലെ ചിപ്പുകളും മറ്റു നിർമ്മിക്കുമ്പോൾ സ്വർണം നിർബന്ധമായത്. ഈ മഞ്ഞലോഹം ഇല്ലായിരുന്നെങ്കിൽ നമ്മുടെ സ്മാർട്ട്ഫോണുകളൊക്കെ ഒരുപക്ഷെ വേഗം കേടായിപ്പോയേനേ.

സ്വർണത്തിന്റെ കുറവ് വൈദ്യശാസ്ത്രത്തിലും കുഴപ്പങ്ങളുണ്ടാക്കും. റുമറ്റോയ്ഡ് ആർത്രൈറ്റിസ് പോലുള്ള രോഗങ്ങൾക്ക് ഇന്നുള്ള ചില മരുന്നുകൾ സ്വർണം ഇല്ലാതെ നിർമ്മിക്കാനാവില്ല. ഒപ്പം കാൻസറിനുള്ള ചില ചികിത്സകളും നടത്താൻ കഴിയാതെവന്നേനെ.

ബഹിരാകാശത്തെ അൾട്രാവയലറ്റ് രശ്മികളിൽനിന്നും എക്സ്-രശ്മികളിൽനിന്നുമൊക്കെ കൃത്രിമ ഉപഗ്രഹങ്ങളെ രക്ഷിക്കുന്നത് സ്വർണമാണ്. സ്വർണമില്ലെങ്കിൽ ഉപഗ്രഹങ്ങളുടെ ആയുസ്സ് വേഗം തീരും.

സ്വർണം ഇല്ലായിരുന്നെങ്കിൽ ഇന്നുള്ള പല വ്യവസായങ്ങളും ഉണ്ടാകുമായിരുന്നില്ല. നാനോടെക്നോളജി പോലുള്ള ശാസ്ത്രശാഖകൾ ഇത്ര വളർച്ച നേടുമായിരുന്നില്ല. എന്തിനേറെ ഇന്നുള്ളതരം ഹൈടെക് വാഹനങ്ങളും വിമാനങ്ങളും പോലും ഉണ്ടാകുമായിരുന്നില്ല!

സ്വർണമില്ലായിരുന്നെങ്കിൽ മനുഷ്യന് സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക മേഖലകളിലൊന്നും ഇന്നുള്ള അത്ര വളർച്ച നേടാൻ സാധിക്കുമായിരുന്നില്ല എന്നു ചുരുക്കം!

# LIGHT IDIOMS

**ഇംഗ്ലീഷിലെ രസകരമായ ശൈലികൾ പരിചയപ്പെടാം!**
**LIGHTഎന്ന വാക്ക് വരുന്ന ചില ശൈലികളാണ് ഈ ലക്കത്തിൽ.**

### To travel light

**വളരെ കുറച്ച് സാധനങ്ങളുമായി യാത്ര ചെയ്യുന്നതിനെ സൂചിപ്പിക്കുന്ന ശൈലി**

*I hate to carry a big bag, so I always try to travel light*

### At first light

**നേരം പുലർന്ന ഉടൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ശൈലി**

*If we leave tomorrow at first, light we should arrive by 3 in the afternoon*

### Be in the limelight

**ശ്രദ്ധാകേന്ദ്രമാകുക എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ശൈലി.**

*Raju loves being in the limelight*

### To light up

**പ്രകാശപൂർണമാകുക, തിളങ്ങുക എന്നീ അർഥത്തിൽ പറയുന്ന ശൈലി.**

*Maria's face light up when she watched her daughter receive the prize from the school's principal*

### As light as a feather

**വളരെയധികം ഭാരം കുറഞ്ഞത് എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ശൈലി**

*My luggage is as light as a feather because I travel light.*



# ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ

"ആകയാൽ നിങ്ങൾ പുറപ്പെട്ട്... സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ" എന്ന് യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചപ്പോൾ അവിടുന്ന് എന്താണുദ്ദേശിച്ചതെന്നതിനെപ്പറ്റി അവർക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല (മത്താ.28:19). കാരണം, തന്റെ ഒരു ശിഷ്യനാകുക എന്നതിന്റെ അർത്ഥമെന്താണെന്ന് അവിടുന്നു നേരത്തെ തന്നെ അവർക്കു വിശദമാക്കിക്കൊടുത്തിരുന്നു.

ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകൾ ഏറ്റവും വ്യക്തമായി വെളിപ്പെടുത്തുന്ന വേദഭാഗമാണ് ലൂക്കോസ് 14-ൽ 25 മുതൽ 35 വരെയുള്ള വാക്യങ്ങൾ. അവിടെ ഒരു ഗോപുരം പണിയുവാൻ അടിസ്ഥാനമിട്ടശേഷം അതിന്റെ പണിക്കാവശ്യമായ പണം കൊടുപ്പാൻ കഴിവില്ലാത്തതിനാൽ അതു പൂർത്തിയാക്കുവാൻ കഴിയാതെപോയ ഒരു മനുഷ്യന്റെ ദൃഷ്ടാന്തം കർത്താവ് പറയുന്നുണ്ട് (വാക്യം 28-30) ഒരു ശിഷ്യനാകുക എന്നതു വളരെ വിലകൊടുക്കേണ്ട ഒരു കാര്യമാണെന്ന് ആ ഭാഗം തെളിയിക്കുന്നു. അതിനാൽ പണിയുവാനാരംഭിക്കുന്നതിനു മുമ്പ് ആദ്യമേതന്നെ ഇരുന്നു വില തിട്ടപ്പെടുത്തി നോക്കുവാൻ യേശു നമ്മോടാവശ്യപ്പെടുകയാണ്.

ശിഷ്യത്വം വാസ്തവത്തിൽ എന്താണെന്നു ഗ്രഹിക്കുവാൻ നാം അനേകവർഷം കാത്തിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. ആളുകൾ തന്റെ അടുക്കൽ വന്ന ഉടൻതന്നെ ശിഷ്യത്വത്തിനു കൊടുക്കേണ്ട വിലയെപ്പറ്റി യേശു അവരോടു പറയുകയാണു ചെയ്തിട്ടുള്ളത്.

ശിഷ്യനാകുവാൻ മനസ്സില്ലാത്ത ഒരു വിശ്വാസി, കാരം നഷ്ടപ്പെട്ടുപോയ ഉപ്പുപോലെ ദൈവത്തിനു പ്രയോജനമില്ലാത്തവനെന്ന്... ഒന്നിനും കൊള്ളാത്തവനാണെന്ന് കർത്താവ് വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കോ.14:35).

ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നമ്മുടെ സ്വജനങ്ങളോടു നമുക്കു സ്വാഭാവികമായിട്ടുള്ള അതിരുകടന്ന സ്നേഹം വിച്ഛേദിക്കുക എന്നതാണ്. യേശു പറഞ്ഞു: "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല" (ലൂക്കോ.14:26).



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

നാം അവരെ സ്നേഹിക്കേണ്ടതില്ല എന്നാണോ ഇതിന്റെ അർത്ഥം? അല്ല തീർച്ചയായും അല്ല. നാം ദൈവത്തിനു മുൻഗണന നൽകുമ്പോൾ ദൈവം അതിന്റെ സ്ഥാനത്തു ദിവ്യസ്നേഹം നമുക്കു നൽകും. അപ്പോൾ സ്വജനങ്ങളോടു നമുക്കുമുള്ള സ്നേഹം സംശുദ്ധമായിത്തീരും. അതിന്റെ അർത്ഥം ഇതാണ്. എല്ലാ സമയത്തും ഒന്നാം സ്ഥാനം നമ്മുടെ സ്വജനങ്ങൾക്കല്ല. ദൈവത്തിനുതന്നെ ആയിത്തീരും.

നമ്മുടെ ജീവിതത്തിൽ തനിക്ക് ഒന്നാം സ്ഥാനം ലഭിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ആ സ്ഥാനം അവിടുത്തേക്കു നാം നൽകുന്നില്ലെങ്കിൽ നമുക്ക് അവിടുത്തെ ശിഷ്യന്മാരാകുവാൻ ഒരിക്കലും സാദ്ധ്യമല്ല.

യേശുവിന്റെ തന്നെ ദൃഷ്ടാന്തം നോക്കുക: അവിടുന്ന് തന്റെ മാതാവിനുവേണ്ടി തന്റെ ജീവിതാന്ത്യം വരെയും കരുതിയിരുന്നുവെങ്കിലും ചെറിയ കാര്യങ്ങളിൽപ്പോലും തന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നതിൽ തന്നെ സ്വാധീനിക്കുവാൻ ഒരിക്കലും അവരെ അനുവദിച്ചിരുന്നില്ല. കാനാവിലെ കല്യാണാവസരത്തിൽ തന്റെ മാതാവിന്റെ പ്രേരണപ്രകാരം പ്രവർത്തിക്കുവാൻ യേശു വിസമ്മതിക്കുന്നത് ഇതിനൊരു ദൃഷ്ടാന്തമാണ് (യോഹ.2:4).



ക്രൂശുമരണം വരിക്കുന്നതിൽനിന്നുതന്നെ തടയുവാൻ പത്രോസ് ശ്രമിച്ചപ്പോൾ കർത്താവു തിരിഞ്ഞ് പത്രോസിനെ ശാസിച്ചു. ആ ശാസനവാക്കുകൾ കർത്താവ് ഉദ്ധരിച്ചിട്ടുള്ള വയിൽവച്ച് ഏറ്റവും മൂർച്ചയേറിയ ചില വാക്കുകളായിരുന്നു. അവിടുന്നു പറഞ്ഞു: "സാത്താനേ, എന്നെ വിട്ടുപോ; നീ എനിക്ക് ഇടർച്ചയാകുന്നു" (മത്താ.16:23). വളരെ മാനുഷിക സ്നേഹത്തോടുകൂടിയാണ് പത്രോസ് തന്റെ അഭിപ്രായം കർത്താവിനെ അറിയിച്ചത്. എന്നാൽ പത്രോസിന്റെ അഭിപ്രായം തന്റെ പിതാവിന്റെ ഹിതത്തിനു വിരുദ്ധമായിരുന്നതിനാൽ കർത്താവ് അവനെ ശാസിക്കുകയാണുണ്ടായത്.

യേശുവിന് ഏറ്റവുമധികം മമതാബന്ധം ഉണ്ടായിരുന്നത് തന്റെ സ്വർഗ്ഗസ്ഥപിതാവിനോടായിരുന്നു. നമുക്കും അതേ മനോഭാവം തന്നെ ഉണ്ടായിരിക്കണമെന്ന് അവിടുന്നു പ്രതീക്ഷിക്കുന്നു.



# സ്നേഹവും അനുരഞ്ജനവും

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. റോമർ 5:8

തങ്ങളുടെ പ്രഥമസംഗമത്തിൽ എഡ്വിൻ സ്റ്റാന്റൻ, അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കനെ വ്യക്തിപരമായും തൊഴിൽപരമായും അധിക്ഷേപിക്കുകയും "ദൂരവ്യാപക അധികാരമുള്ള ജീവി" എന്ന് പരാമർശിക്കുകയും ചെയ്തു. എന്നാൽ ലിങ്കൺ, സ്റ്റാന്റന്റെ കഴിവുകളെ പ്രശംസിക്കുകയും, അദ്ദേഹത്തോട് ക്ഷമിക്കുവാൻ തീരുമാനിക്കുകയും, ആത്യന്തികമായി, സ്റ്റാന്റനെ ആഭ്യന്തരയുദ്ധകാലയളവിൽ മന്ത്രിസഭയിലെ ഒരു സുപ്രധാന പദവിയിൽ നിയമിക്കുകയും ചെയ്തു. സ്റ്റാന്റൺ പിന്നീട് ലിങ്കണെ ഒരു സുഹൃത്തിനെപ്പോലെ സ്നേഹിക്കുന്ന തലത്തിലേയ്ക്കുയർന്നു. ഫോഡ്സ് തിയേറ്ററിൽ വെച്ച് പ്രസിഡന്റ് വെടിയേറ്റു കിടന്നപ്പോൾ രാത്രിമുഴുവനും ലിങ്കന്റെ കിടക്കയ്ക്കരികിൽ നിന്നത് സ്റ്റാന്റൺ ആയിരുന്നു.

അനുരഞ്ജനം ഹൃദ്യമായ ഒരു വസ്തുതയാണ്. അപ്പൊസ്തലനായ പത്രോസ് യേശുവിന്റെ അനുഗാമികളെ ഇപ്രകാരം ഓർമ്മിപ്പിച്ചു. 'സകലത്തിനും മുമ്പേ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറക്കുന്നു'. (1 പത്രൊസ് 4: 8). തന്റെ ക്രിസ്തു നിരാകരണവും (ലൂക്കോസ് 22:54-62), ക്രൂശിലൂടെ യേശു വാഗ്ദാനം ചെയ്ത പാപക്ഷമയും വിചിന്തനം ചെയ്ത പത്രോസിന്റെ വാക്കുകൾ അത്ഭുതം ഉളവാക്കുന്നതാണ്.



ക്രൂശിലെ തന്റെ മരണത്തിലൂടെ യേശു പ്രകടമാക്കിയ അഗാധമായ സ്നേഹം നമ്മുടെ പാപങ്ങളുടെ കടത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുകയും ദൈവീക അനുരഞ്ജനത്തിനുള്ള നമ്മുടെ വഴി തുറക്കുകയും ചെയ്യുന്നു (കൊലൊസ്സിയർ 1:19-20). സ്വശക്തിയിൽ നമുക്ക് ക്ഷമിക്കുവാൻ സാധ്യമല്ലെന്നുള്ള ബോധ്യത്തിൽ, നമ്മെ സഹായിക്കുവാൻ അവിടുത്തോട് നാം അപേക്ഷിക്കുമ്പോൾ, ദൈവീക ക്ഷമ; മറ്റുള്ളവരോടു ക്ഷമിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ രക്ഷകൻ മറ്റുള്ളവരെ സ്നേഹിക്കുന്നതിനാൽ നാം അവരെ സ്നേഹിക്കുകയും അവിടുന്ന് നമ്മോട് ക്ഷമിച്ചതിനാൽ നാം ക്ഷമിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മുടെ പൂർവ്വകാല അനുഭവങ്ങളിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുകയും കൃപയുടെ മനോഹരമായ നവതലങ്ങളിലേക്ക് അവിടുത്തോടൊപ്പം നമ്മെ മുന്നിലേക്കു നടത്തുകയും ചെയ്യുന്നു.

# യേശു ദൈവമോ?

"ഞാൻ ദൈവമാണ്" എന്ന് യേശുക്രിസ്തു പറഞ്ഞതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതുകൊണ്ട് യേശു ദൈവമല്ലായെന്ന വാദം സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചുകാണുന്നു. ക്രിസ്ത്യാനികൾക്ക് മറുപടിയില്ലാത്ത ഒരു വിഷയമായിട്ടാണ് പലരും ഇതിനെ കാണുന്നത്. അറിവില്ലായ്മയാണ് ഇത്തരം ഒരു തെറ്റിദ്ധാരണയ്ക്ക് കാരണം. യോഹ.10:30 തന്നെ എടുക്കുക. "ഞാനും പിതാവും ഒന്നായിരിക്കുന്നു". ഒറ്റനോട്ടത്തിൽ ഇത് താൻ ദൈവമാണ് എന്നു പറഞ്ഞതായി തോന്നുകയില്ലായിരിക്കാം. എന്നാൽ ഇതു താൻ പറഞ്ഞപ്പോൾ യെഹൂദന്മാരുടെ പ്രതികരണം എന്തായിരുന്നു എന്ന് ശ്രദ്ധിക്കുക. "നീ മനുഷ്യനായിരിക്കെ നിന്നേത്തന്നെ ദൈവമാക്കുന്നതുകൊണ്ടത്രേ ഞങ്ങൾ നിന്നെ കല്ലെറിയുന്നത്" (യോഹ.10:33). യേശുക്രിസ്തു താൻ ദൈവമാണെന്ന് പറയുകയായിരുന്നു എന്ന് യെഹൂദന്മാർക്ക് മനസ്സിലായി. തുടർന്നുള്ള സംഭാഷണം ശ്രദ്ധിച്ചാൽ "ഞാൻ അങ്ങനെ പറഞ്ഞില്ലല്ലോ" എന്ന് കർത്താവ് പറയുന്നില്ല. അതിന്റെയർത്ഥം വാസ്തവത്തിൽ താൻ ദൈവമാണെന്ന് ആ വാചകം കൊണ്ട് കർത്താവ് പറയുകയായിരുന്നു. യോഹ.8:58 ശ്രദ്ധിക്കുക. "അബ്രഹാം ജനിക്കുന്നതിനുമുമ്പ് ഞാൻ ഉണ്ട്" അവിടെയും യെഹൂദന്മാരുടെ പ്രതികരണം നോക്കുക. അവനെ കല്ലെറിയുവാൻ യെഹൂദന്മാർ ഭാവിച്ചതിന്റെ കാരണം അവൻ തന്നെ ത്താൻ ദൈവമാക്കി എന്ന കാരണത്താലാണ്. മോശയുടെ ന്യായപ്രമാണം അങ്ങനെ ചെയ്യുവാൻ അവരോടു കല്പിച്ചിരുന്നു (ലേവ്യ 24:15).

യോഹന്നാൻ യേശുവിന്റെ ദൈവത്വത്തെ "വചനം ദൈവമായിരുന്നു" എന്നും "വചനം ജഡമായി തീർന്നു" എന്നും ആവർത്തിച്ചു പറഞ്ഞിരിക്കുന്നു (യോഹ.1:1,14). ഈ വാക്യങ്ങൾ വളരെ വ്യക്തമായി പറയുന്ന സത്യം യേശുക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവമായിരുന്നു എന്നാണ് (അ.പ്ര.20:28). "....താൻ സ്വന്തരക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭ..." എന്ന് പറഞ്ഞിരിക്കുന്നു. ആരാണ് സഭയെ സ്വന്തരക്തത്താൽ സമ്പാദിച്ചത്? യേശുക്രിസ്തു. അ.പ്ര.20:28 ൽ പറയുന്നത്, ദൈവം തന്റെ സഭയെ തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ചു എന്നാണ്. അതുകൊണ്ട് യേശുക്രിസ്തു ദൈവമായിരുന്നു എന്ന് ഈ വേദഭാഗവും പറയുന്നു!

യേശുവിന്റെ ശിഷ്യനായിരുന്ന തോമസ് യേശുവിനെ നോക്കി, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് വിളിച്ചു (യോഹ.20:28). യേശു അവനെ തിരുത്തിയില്ല. തീത്തോ.2:13-ൽ നമ്മുടെ ദൈവവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുവാൻ പറഞ്ഞിരിക്കുന്നു (2 പത്രോ.1:1-ഉം കാണുക). എബ്രാ.1:8-ൽ പിതാവായ ദൈവം പുത്രനെ നോക്കി, "ദൈവമേ! നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോൽ" എന്ന് വായിക്കുന്നു. പിതാവ് പുത്രനെ "ദൈവമേ" എന്ന് വിശേഷിപ്പിച്ചിരിക്കുന്നതിനാൽ യേശു ദൈവമാണെന്ന് പിതാവ്തന്നെ ഉറപ്പുതരുന്നു. (തുടരും)



# പുരുഷാധിപത്യവഴിയിൽ യേശുവും പുതിയനിയമവും



## കോളാമ്പിക്കൊരു മറുപടി

**ച**രിത്രത്തിലെ ഏറ്റവും പരിഹസിക്കപ്പെട്ട ദൈവം. പ്രത്തോറിയത്തിന് പുറത്തു അത്യന്തം അക്രമണോത്സുകമായി നിന്നിരുന്ന ഭ്രാന്തമായ ജനക്കൂട്ടത്തിനു മുന്നിൽ ചമ്മട്ടികളാൽ മുറിവേല്പ്പിക്കപ്പെട്ട ശരീരവും, അപഹാസ്യനാകുംവിധം മുൾക്കിരീടവും, ചുവന്ന മേലങ്കിയും ധരിപ്പിച്ചു – ദൈവപുത്രനെ അവതരിപ്പിക്കാൻ പീലാത്തോസ് കണ്ടെത്തിയ വാക്കുകൾ 'ഇതാ ആ മനുഷ്യൻ' (പുരുഷൻ) എന്നതാണ്. ന്യായവിധി മുതൽ കുരിശുമരണം വരെ വിവസ്ത്രനായപ്പോഴും, മാനസികവും ശാരീരികവുമായ പീഡ സഹിച്ചപ്പോഴും പരിഹസിക്കപ്പെട്ടത് ആത്മീയ സ്വത്വത്തോടൊപ്പം അവിടുത്തെ പൗരുഷം കൂടിയായിരുന്നു.

മധ്യകാല യൂറോപ്യൻ കലാകാരന്മാർ യേശുവിനെ മെലിഞ്ഞവനായും, കൊഴുത്തവനായും, സുമുഖനായും, ശാന്തനായും ഒക്കെ ചിത്രീകരിച്ചിട്ടുണ്ട്. കലാകാരന്മാരുടെ അഭിരുചികളും, കാലഘട്ടത്തിന്റെ സാംസ്കാരിക മുൻഗണനകളും ആ രചനകളെ സ്വാധീനിച്ചിട്ടുണ്ട്. ചരിത്രപുരുഷനായ യേശുവിന്റെ ആകാരസൗഷ്ഠവത്തെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രം നമുക്ക് അജ്ഞാതമാണ് എന്നിരിക്കിലും വേദപുസ്തകത്തിലെ യേശുവിനെക്കുറിച്ചുള്ള വർണ്ണനകൾ ഒരുപക്ഷെ നമ്മുടെ പൗരുഷ ബോധങ്ങളെ വെല്ലുവിളിക്കുന്നതാണ്. ശക്തിയുടെയും അധികാരത്തിന്റെയും ആധിപത്യത്തിന്റെയും മാനുഷിക പൗരുഷഭാവം യേശുവിൽ കാണുവാൻ നമുക്ക് കഴിയില്ല. ക്രൈസ്തവേതര മതങ്ങളിലെയും മിത്തോളജികളിലെയും ഈശ്വര സങ്കല്പങ്ങൾ ബലിഷ്ഠ കായങ്ങളായ പൗരുഷത്തെ പ്രതിനിധാനം ചെയ്യുന്നവയാണ്. ഗ്രീക്കുകാരുടെ ഏയ്റിസും, റോമാക്കാരുടെ മാർസും, ഹിന്ദു പുരാണത്തിലെ ഇന്ദ്രനും, ശിവനും ഒക്കെ പൗരുഷത്തിന്റെ ആൾരൂപങ്ങളാണ്. അതിൽനിന്നൊക്കെ വിഭിന്നമായ പൗരുഷ സങ്കല്പമാണ് ലോകരക്ഷകനും മനുഷ്യപുത്രനുമായ യേശു എടുത്തണിഞ്ഞിട്ടുള്ളത്.



ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ ആക്കാലഘട്ടത്തിൽ പ്രചരിതമായിരുന്ന പൗരുഷത്തിന്റെ വാർപ്പ് മാതൃകകളിൽ നിന്ന് അചിന്ത്യമാംവണ്ണം വിഭിന്നമാണ്. 'അഴകോ, ആകാരഭംഗിയോ, ഗാംഭീര്യമോ അവന് ഉണ്ടായിരുന്നില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും പരിത്യക്തനാവുകയും' ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു. ആരും അവനെ ബഹുമാനിച്ചതുമില്ല. അവൻ മർദ്ദിക്കപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും ചെയ്തു എന്നിട്ടും അവൻ ഉരിയാടിയില്ല' എന്നാണു രക്ഷകന്റെ പൗരുഷത്തെക്കുറിച്ച് ഏശയ്യ (53: 27) പ്രവചിച്ചിട്ടുള്ളത്. തന്റെ ജീവിതംകൊണ്ട് പൗരുഷത്തിന്റെ അത്യന്തം വിഭിന്നമായ വീക്ഷണം ക്രിസ്തു നല്കുന്നുണ്ട്. ദൈവത്വം, മനുഷ്യത്വം എന്നി രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിന് ഉണ്ട്. ക്രിസ്തുവിന്റെ പൗരുഷം അവിടുത്തെ ശരീരത്തിലും ആത്മാവിലും ആണ് കുടികൊള്ളുന്നത്. പൗരുഷത്തെ കുറിച്ച് ക്രിസ്തു നല്കുന്ന നിർവചനം അവിടുത്തെ പൂർണ്ണ സ്വത്വത്തെ ചൂഴ്ന്നുനില്ക്കുന്നതാണ്. സ്ത്രീ പക്ഷ ചിന്ത (ഫെമിനിറ്റി)കളോടുള്ള പ്രതികരണം എന്ന നിലയിലാണ് പൗരുഷ പഠനങ്ങൾ (മാസ്കുലിനിറ്റി) ആവിർഭവിച്ചത്. നിലവിലുള്ള ഇത്തരം ചിന്താഗതികൾ വച്ച് യേശുവിന്റെ ആളത്വത്തെ ആർക്കും അളക്കുവാൻ കഴിയുകയില്ല. നോക്കുക യേശു സ്ത്രീകളെ ബഹുമാനിച്ചിരുന്നു (മത്തായി 26:13), അവർക്ക് പറയാനുള്ളത് ക്ഷമയോടും ശ്രദ്ധയോടും ശ്രവിച്ചിരുന്നു (മർക്കോസ് 7: 24–30). അവരെ അവൻ സഹചാരികളാക്കിയിരുന്നു (ലൂക്കോ 8:2; മർക്കോ 15:40–41). സുവിശേഷ പ്രചാരകരായും സാക്ഷികളായും (യോഹ 4: 28–42; 20:17) അവരെ പരിഗണിച്ചു എന്ന് മാത്രമല്ല, സ്ത്രീകൾ തങ്ങളുടെ വസ്തുവകകൾകൊണ്ട് യേശുവിന് ശുശ്രൂഷ ചെയ്തതായി കാണുന്നുണ്ട് (ലൂക്കോ.8:3). യേശുവിന്റെ പൗരുഷം അതിൽ കലർന്നിരുന്ന സ്ത്രൈണ ഗുണങ്ങളായ അലിവ്, സഹാനുഭൂതി, കരച്ചിൽ എന്നിവ കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. താൻ 'ഹൃദയശാന്തതയും എളിമയും ഉള്ള ആളാണ്' എന്നു പറയുക വഴി ക്രിസ്തു തന്റെ പൗരുഷത്തിന് സമുന്നതമായ ഭാവം കൂടി പകരുന്നുണ്ട്. സമുന്നതഭാവങ്ങളെ പൗരുഷത്തിന്റെ ഭാഗമാക്കി മാറ്റുന്നതുവഴി ക്രൈസ്തവ പൗരുഷത്തിനു അചിന്ത്യവും, അനന്യവുമായ ഒരു മാതൃക ക്രിസ്തു രൂപപ്പെടുത്തുന്നു.

സുവിശേഷങ്ങളിലെ യേശു എനിക്കു നിത്യവിസ്മയമാണ്, സ്വർഗീയപിതാവിനോടുള്ള സ്ഫുടം ചെയ്തെടുത്ത നിർമലമായ ഭക്തി ഒരു വശത്ത്. മറുവശത്ത് 'ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ' എന്നു ബ്രാൻഡഡായ തന്റെ മനുഷ്യരോടുള്ള സുതാര്യമായ ബന്ധം. പാപത്തോട് ഒരു ഒത്തുതീർപ്പുമില്ലാതെ തന്നെ, പാപികളായ മനുഷ്യരെ പാപികൾ എന്നു മുദ്രകുത്താതെ മനുഷ്യരായി കണ്ട് അവരുടെ തനിമയിൽ അവരെ സ്നേഹിക്കുക–ഈ കയ്യടക്കം 'യേശുവിന്റെ' മാത്രം പ്രത്യേകതയാണ്.

സഹജീവികളോടുള്ള യേശുവിന്റെ അലിവ്, നമ്മുടെ ജീവിതത്തിൽ വിവർത്തനം ചെയ്തെടുത്ത് സമകാലികസമൂഹത്തിലെ പല പ്രശ്നങ്ങളോട് അതിന്റെ വെളിച്ചത്തിൽ പ്രതികരിക്കാൻ തുടങ്ങുമ്പോഴാണ് യേശുവിന്റെ കാഴ്ചപ്പാടിന്റെ ആഴവും പരപ്പും നമുക്കു തന്നെ ചെറിയ ഒരളവിലെങ്കിലും ബോധ്യമാകുക. സുവിശേഷങ്ങളിൽ വിവരിക്കുന്ന വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും അവളെ കല്ലെറിയാൻ കൊണ്ടുവന്ന പരീശന്മാരോടും ശാസ്ത്രിമാരോടുമുള്ള യേശുവിന്റെ പെരുമാറ്റം ശ്രദ്ധിക്കുക: യേശു പ്രകടമായും പാപിനിയായ സ്ത്രീയുടെ പക്ഷത്തായിരുന്നു; അല്ലാതെ സദാചാരത്തിന്റെ വക്താക്കളുടെ ഭാഗത്തായിരുന്നില്ല. പ്രശ്നത്തിന് ആനുപാതികമായല്ലാതെ സദാചാരത്തിനുവേണ്ടി ഒരാൾ ഒച്ചവച്ചാൽ അതു കാണിക്കുന്നത് അവന് ഉള്ളിൽ ആ പാപത്തോട് ആഗ്രഹമുണ്ടെന്നും അതു മറച്ചുവയ്ക്കാൻ അവൻ നടത്തുന്ന ദുർബലമായ ശ്രമമാണ് ആ സദാചാര പ്രസംഗമെന്നുമാണ്. വ്യഭിചാരകർമ്മത്തിൽ തന്നെ ഒരു സ്ത്രീയെ പിടിച്ച് മോശെയുടെ ന്യായപ്രമാണത്തിന്റെ മറവിൽ കല്ലെറിയാൻ അവളെ വലിച്ചിഴച്ച് കൊണ്ടുവന്ന ആ പരീശന്മാരും ശാസ്ത്രിമാരും സത്യത്തിൽ ഹൃദയത്തിലുള്ള തങ്ങളുടെ വ്യഭിചാരാസക്തി മറച്ചുവയ്ക്കാൻ നടത്തിയ ശ്രമമായി യേശു അതിനെ തിരിച്ചറിഞ്ഞു. തങ്ങളുടെ കണ്ണിലെ തടിയെ മറന്ന് അപരന്റെ കണ്ണിലെ പൊടിയെക്കുറിച്ച് ഒച്ച വച്ച ആ പരീശന്മാരും ശാസ്ത്രിമാരുമായിരുന്നു യേശുവിന്റെ ദൃഷ്ടിയിൽ വലിയ പാപികൾ. അത് അങ്ങനെയായിരുന്നു താനും. അതുകൊണ്ടാണല്ലോ 'നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ' എന്ന് യേശു പറഞ്ഞപ്പോൾ സത്യത്തിന്റെ പ്രകാശത്തിനു മുമ്പിൽ കണ്ണുമഞ്ഞളിച്ച് അവർ ഓരോരുത്തരായി സ്ഥലം വിട്ടത്! മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി പിരിഞ്ഞുപോയവരെക്കുറിച്ചു പറയുമ്പോൾ 'മൂത്തവരെ'യാണു യോഹന്നാൻ ആദ്യം പരാമർശിക്കുന്നത്. (യോഹന്നാൻ 8:9) എന്താണതിന്റെ അർത്ഥം? പ്രായമാകുന്നതിനനുസരിച്ച് അവരിലെ അശുദ്ധിയും വളർന്നു വരികയായിരുന്നു.

നമ്മുടെ കാലഘട്ടത്തിൽ സ്ത്രീപീഡനകഥകൾ മാധ്യമങ്ങളിൽ വ്യാപകമായി പ്രത്യക്ഷപ്പെടാറുണ്ട്. അതിന്റെ വാർത്തകൾ വായിക്കുകയും ടി.വി.കളിൽ അതു കാണുകയും ചെയ്യുന്നവരുടെ മനോഭാവമെന്താണ്?

പീഡനത്തിൽ ഇരയായ പെൺകുട്ടിയോടുള്ള കാരുണ്യം മൂലമാണോ പലരും അതു വായിക്കുന്നത്? അതോ അവരുടെ ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്ന പാപാസക്തിയുടെ തൃപ്തിക്കുവേണ്ടിയുള്ള അന്വേഷണമാണോ അത്? പീഡനകഥകളിലെ ഇരയോടുള്ള സഹതാപം പോലും കറകളഞ്ഞ മനോഭാവത്തിൽ നിന്നുവരുന്നതാണോ? ഇരയോടൊത്തു സഹതപിക്കുകയും വേട്ടക്കാരനോടൊപ്പം ഓടുകയും ചെയ്യുന്നവരല്ലേ ഹൃദയത്തിൽ പലരും? പാപിനിയായ സ്ത്രീയെ വെറുതെ വിടുകയും 'സദാചാരപോലീസ്' ചമഞ്ഞ പരീശന്മാരെ 'കുറ്റം വിധിക്കുകയും' ചെയ്ത യേശുവിൽ കാണുന്ന പുരുഷാധിപത്യം എന്താണെന്ന് കോളാമ്പി വ്യക്തമാക്കേണ്ടിയിരിക്കുന്നു.

'യേശുവോ കുനിഞ്ഞു വിരൽകൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു' (8:6) എന്ന വചനത്തിലെ 'എഴുതിക്കൊണ്ടിരുന്നു' എന്നതിന്റെ ഗ്രീക്ക് മൂലപദം കറ്റാഗ്രാഫിൻ എന്നാണത്രെ. ഇതിന്റെ അർത്ഥം 'എതിരായി രേഖപ്പെടുത്തുക' എന്നും. അപ്പോൾ യേശു എഴുതിക്കൊണ്ടിരുന്നത് ശാസ്ത്രിമാർക്കും പരീശന്മാർക്കും എതിരെയായിരുന്നു. നോക്കുക; അവർ പാപിനിയായ സ്ത്രീക്കെതിരെ വിരൽ ചൂണ്ടിയപ്പോൾ ഹൃദയരഹസ്യങ്ങളെ കാണുന്ന യേശു അവരുടെ പാപങ്ങളെ സ്വന്തം വിരൽകൊണ്ടു പരസ്യമായി കോറിയിടുകയായിരുന്നു! ഇന്നും ഒരു വിരൽ നാം മറ്റുള്ളവർക്കെതിരെ ചൂണ്ടുമ്പോൾ നമുക്കുനേരേ തിരിഞ്ഞിരിക്കുന്നതു മൂന്നു വിരലുകളാണ്.

സത്യത്തിൽ ഒരാൾക്കു മാത്രമേ പാപിനിയായ ആ സ്ത്രീക്കുനേരെ വിരൽ ചൂണ്ടാൻ യോഗ്യതയുണ്ടായിരുന്നുള്ളു–പാപമില്ലാത്തവന്, യേശുവിന്. എന്നാൽ അവിടുന്ന് അവളെ വെറുതെ വിട്ടു: "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല. പോക ഇനി പാപം ചെയ്യരുത്". ഇവിടെയും യേശുവിന്റെ മനോഭാവം ശ്രദ്ധിച്ചോ? അവളുടെ പാപം എന്തെന്നു പച്ചയായി പറഞ്ഞ് അവളെ അപമാനിക്കാതിരിക്കാനുള്ള യേശുവിന്റെ കരുതൽ. പരീശന്മാർ 'വ്യഭിചാരം' എന്ന് ആർത്തുവിളിച്ചു പറഞ്ഞതിനു മുകളിൽ യേശു ആർദ്രമായ മൗനം പാലിച്ചു!

ഇതെല്ലാം സംഭവിച്ചത് രണ്ടായിരം വർഷങ്ങൾക്കു മുൻപാണെന്ന് ഓർക്കണം. അന്ന് യെഹൂദൻ ഒരു ദിവസം ആരംഭിക്കുന്നത്, വിജാതീയനോ അടിമയോ സ്ത്രീയോ ആയി തന്നെ സൃഷ്ടിക്കാഞ്ഞതിനു ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടായിരുന്നു! ആ കാലഘട്ടത്തിൽ യേശു സ്ത്രീയോടൊരു വിവേചനവും കാണിക്കാതെ തന്നോടൊപ്പം കൊണ്ടുനടക്കുകയും ശുശ്രൂഷകളിൽ സഹകരിപ്പിക്കുകയും ചെയ്തു. സ്ത്രീയുടെ മാന്യതയോ അന്തസോ ഒരു നോട്ടംകൊണ്ടുപോലും അപഹരിക്കുന്നതു പാപമാണെന്നും അവിടുന്നു പ്രഖ്യാപിച്ചു (മത്തായി 5:28). സ്ത്രീകളോടുള്ള വെറുപ്പിൽ നിന്ന് ഉടലെടുത്ത ഒരു പ്രവൃത്തിയോ പ്രസംഗമോ ഉപമയോ യേശുവിന്റെ പരസ്യശുശ്രൂഷയിൽ എങ്ങും നാം കാണുന്നില്ല. സ്ത്രീകളുടെ സ്വഭാവത്തെക്കുറിച്ചോ പെരുമാറ്റത്തെക്കുറിച്ചോ പുരുഷസഹജമായ രീതിയിൽ യേശു ഒരു നേരമ്പോക്കുപോലും പറഞ്ഞിട്ടില്ലെന്നും ഓർക്കുക. വെറുതെയല്ല പുൽക്കൂടു മുതൽ ക്രൂശിന്റെ ചുവടുവരെ യേശുവിനോടൊപ്പം സ്ത്രീകളുടെ സാന്നിധ്യം നാം കാണുന്നത്.



# വൈറസ് വന്നുകയറിയ കാലം



**വെ**റും സോപ്പുകണ്ടാൽ പറപറക്കുന്ന കൊറോണയെന്ന പീറവൈറസ് വന്നുകയറിയ കാലമൊന്ന് - ഓർത്തു നോക്കാം. റാന്നീക്കാരാരാണ്ടു വിദേശത്തുനിന്നു കൊണ്ടുവന്നെന്നും പറഞ്ഞു തുടങ്ങിയ കോലാഹലകാലം! ആ നാളുകളിൽ രാത്രിയും പകലും സർവ്വചാനലുകാരും പണ്ടത്തെ കാരണവന്മാരു വെറ്റിലമുറുക്കാൻ ചവയ്ക്കുന്നതുപോലെ ചവച്ചുതുപ്പിക്കൊണ്ടിരുന്നത് അതുമാത്രമായിരുന്നല്ലോ.

അതുപിന്നെയാർക്കാണ്ടൊക്കെയോ പകർന്നു പിടിച്ചെന്നു കേട്ടപ്പോളത്തേക്കും എന്തായിരുന്നു പുകിൽ.

ആരെങ്കിലും പോസിറ്റീവായെന്നറിഞ്ഞാൽ അയാളു പോയ റൂട്ടുമാപ്പുമുഴുവൻ തപ്പിയെടുത്തു പ്രസിദ്ധീകരിക്കലും, അയാളു തൊട്ടു സാമാനങ്ങളെല്ലാം കത്തിക്കലും, അയാളുടെ പ്രൈമറി കോണ്ടാക്റ്റും, സെക്കന്റെറി കോണ്ടാക്റ്റും കണ്ടുപിടിക്കാൻ പട്ടാളത്തെവരെ രംഗത്തിറക്കി തെരച്ചിലും... എന്തൊക്കെയായിരുന്നു കഥ.

രാവും പകലും സൈറനുംകൂവി ചീറിപ്പായുന്ന ആംബുലൻസ്, മെഡിക്കൽ കോളേജ്, പിപ്പികിറ്റ് എന്തൊക്കെയായിരുന്നു മേളം. പള്ളീംപൂട്ടി, പള്ളിക്കൂടോം ക്ലാസ്.

പിള്ളേരുടെ ഡൈപ്പറുപോലെ മോന്തയിൽ ഫിറ്റുചെയ്യുന്ന മാസ്ക് മൂക്കിനു താഴെയാണെങ്കിൽ താക്കീതും പിഴയും. മാസ്ക് വയ്ക്കാത്തതിന് കേസും പുക്കാറും. ഡബിൾ ലെയർ മാസ്ക്ക് പോരാ, അതുതന്നെ രണ്ടെണ്ണം ഫിറ്റുചെയ്യണമെന്നുവരെയെത്തി സംഗതികൾ. മാസ്ക് കടിച്ച പട്ടിയുടെ പിന്നാലെ ഓടുന്നവന് കൃത്യനിർവ്വഹണത്തിന് അവാർഡുവരെ കിട്ടിയ കാലം. നിരീക്ഷണത്തിലിരുന്ന വീട്ടിൽ നിന്നും പുറത്തേക്കോടിവന്ന പൂച്ചയെ തല്ലിക്കൊന്നതും, ക്വാറന്റൈനിൽ കഴിഞ്ഞവൻ പുറത്തേക്കിട്ടുകൊടുത്ത രൂപാനോട്ട് കൈതൊടാതെ കീടനാശിനിയിൽ കുളിപ്പിച്ചെടുത്തതും, ആരോ വഴിയിൽ തള്ളിയ പി.പി.കിറ്റ് ജെസിബി വരുത്തി പത്തടി താഴ്ത്തി കുഴിച്ചിട്ടതും, ഗൾഫിൽനിന്നു വന്നവനെ ക്വാറന്റൈന്റെനു വീടിനകത്തൂടെയല്ലാതെ പുറത്തുകൂടെ കയറാൻ കോവണി കൊടുത്തതും ആ കോവണി ആള് കയറിയപാടെ തോട്ടിൽ തള്ളിയതുമൊക്കെ വായിക്കാൻ എന്തൊരു ത്രില്ലായിരുന്നു.



കുടിവെള്ളമില്ലാതിരുന്നിടത്തും കടത്തിണ്ണയിലും വെള്ളവും സോപ്പും സുലഭം, കൈയ്യാണെങ്കിൽ കഴുകോടുകഴുക്. സോപ്പാണെങ്കിൽ തീരുവോളം തേക്കലും. കടയിലും, ആപ്പീസിലും പോരാ, പോക്കറ്റിലും സഞ്ചിയിലും കക്ഷത്തിലുംവരെ സാനിറ്റൈസർ കുപ്പികൾ.

കൊറോണ പേടിച്ച് എത്രയെത്ര ആത്മഹത്യകൾ. ചത്തവനെ പൊതുശ്മശാനത്തിൽ പോലും അടക്കാൻ സമ്മതിക്കാതെ ശവപ്പെട്ടിയും പേറിനടന്ന ഉറ്റവരുടെ ചരിത്രങ്ങൾ; കൊറോണപേടിയിൽ മണ്ണിലടക്കിയതുതന്നെ ജെ.സി.ബി.യുടെ കൈയ്യെത്തുന്നത്രയും, പത്തടിയെങ്കിലും ആഴത്തിൽ കുഴിയെടുത്ത്. ഉറ്റവരുപോലും പങ്കെടുക്കുന്നതിനു വിലക്കുകാരണം അതിനുവേണ്ടിയുള്ള സ്പെഷ്യൽ സ്ക്വാഡ്. ദഹിപ്പീരും കത്തിക്കലും പുതുമയല്ലാതെയായി.

ക്വാറന്റൈനെന്നും പറഞ്ഞുള്ള പരക്കംപാച്ചിലായിരുന്നു തുടക്കത്തിൽ. രോഗം ബാധിച്ചവർക്ക് 28 ദിവസം, രോഗിയെ തൊട്ടവർക്കു 14 ദിവസം, പുറത്തുനിന്നു വന്നവർക്ക് 7 ദിവസം. ഇതിനൊക്കെ ഇടം കണ്ടെത്താൻ വേണ്ടി രാഷ്ട്രീയപാർട്ടികളുടെയും പോഷകസംഘടനകളുടെയും മത്സരം. പള്ളിക്കൂടവും ധ്യാനമന്ദിരങ്ങളും ഹോസ്റ്റലുകളുമൊക്കെ ക്വാറന്റൈൻ സെന്ററുകളാക്കുന്നു. ആരും പുറത്തിറങ്ങാൻ പാടില്ല. പുറത്തെങ്ങാനും കണ്ടാൽ രണ്ടുമീറ്റർ അകലം പാലിച്ചു കല്ലുംകൊഴിയുംകൊണ്ട് ഓടിക്കൽ. പനിപിടിച്ചുവന്ന കെട്ടിയോനെ ഭാര്യ വീട്ടിൽ കേറ്റാതിരിക്കുന്നു. വീട്ടിലെ വളർത്തു മൃഗങ്ങൾക്കു കൊടുക്കുന്നതുപോലെ ഭക്ഷണം വരാന്തയിലോ പടിക്കലോ വച്ചിട്ടു വിട്ടുപോകുന്നു.

സെന്ററുകളിലിടം തീർന്നപ്പോൾ വീട്ടിലുമാകാമെന്നായി ക്വാറന്റൈൻ. ക്വാറന്റൈൻ ലംഘിച്ച ഗൾഫുകാരന്റെ വീട്ടിൽ ഹെൽത്തുകാർ നോട്ടീസ് പതിക്കുന്നു. ആ വീടും നോട്ടീസും സോഷ്യൽ മീഡിയയിൽ വൈറലാകുന്നു. ഫയർഫോഴ്സ് അവിടെയത്തുന്നു. കീടനാശിനി മുറ്റത്തും പറമ്പിലുംവരെ അടിക്കുന്നു. മരുന്നും ഭക്ഷണവും അവിടെയെത്തിക്കുന്നു. കിറ്റുമിട്ടു ബഹിരാകാശജീവികളെപ്പോലെ ഹെൽത്ത് വർക്കേഴ്സ് എത്തുന്നു. ചിലരാണെങ്കിൽ വോളണ്ടിയേഴ്സിനെ തെറിയോടുതെറി. ചില മാധ്യമപ്രവർത്തകർ മാധ്യമങ്ങളിലൂടെ വിലപിക്കുന്നു, തേങ്ങിക്കരയുന്നു.

നാട്ടുകാരും സർക്കാരും നടത്തിയ കലാപരിപാടികൾ ഓർത്തിരുന്നു ദിവസങ്ങളോളം ചിരിക്കാം. വോളണ്ടിയേഴ്സ്, ഹെൽത്ത് വർക്കേഴ്സ്, സ്ക്വാഡ്, കറങ്ങിനടക്കുന്ന മജിസ്ടേറ്റുമാർ, മഫ്ത്തിയിൽ കറങ്ങി മാസ്കില്ലാത്തവർക്കു പിഴയടിക്കുന്ന പോലീസുകാർ. അങ്ങനെ കലാകാരന്മാരും കലാപരിപാടികളും പലതായിരുന്നു. ബ്രേക് ദ ചെയിൻ പോസ്റ്ററുകൾ പോസ്റ്റുകളിലെല്ലാം. പാത്രംകൊട്ടൽ, തിരിതെളിക്കൽ, മിണ്ടാതിരിക്കൽ തുടങ്ങിയ കലാരൂപങ്ങൾ രാജ്യവ്യാപകമായി.

ലോക്ഡൗണിലാണെങ്കിൽ പോലീസിന്റെ തല്ലും, ബൈക്കിനു പുറകെയുള്ള ഓട്ടവും സാധാരണം. ഇംഗ്ലീഷിലെഴുതിയ സത്യവാങ്മൂലം തലതിരിച്ചുപിടിച്ചു വായിക്കുന്ന വോളണ്ടിയർമാരെ കണ്ടിട്ടും ആരും ചിരിച്ചുകണ്ടില്ല. മുഖ്യമന്ത്രിയുടെ സന്ധ്യാസമയത്തെ കൊറോണാവർത്തമാനം കേൾക്കുന്നത് സന്ധ്യാപ്രാർത്ഥനപോലെ സാധാരണമായി.

മനസ്സുമടുത്തിരിക്കുന്ന ഇക്കാലത്ത് ഒന്നുഷാറാകാൻ, കൊറോണയെ പേടിച്ചും ലോക്ഡൗൺ കാലത്തുമൊക്കെ, ആരുടെയൊക്കെയോ പ്രേരണയാലും സർക്കാരുകളുടെ സമ്മർദത്താലും നമ്മൾ കാട്ടിക്കൂട്ടിയ ഒരുപാട് മണ്ടത്തരങ്ങൾ ഒന്ന് അയവിറക്കിയാൽ മതി. ഒന്നുകൂടി മനസ്സിരുത്തി ചിന്തിച്ചാൽ നമ്മളെ ഇങ്ങനെ പൊട്ടൻകളിപ്പിക്കുന്നതു മാധ്യമങ്ങളാണ് എന്ന സത്യം കൂടി നമുക്കു മനസ്സിലാകും. ഈയിടെ വായിക്കാനിടയായ ഒരു കഥയുണ്ട്: ഒരാൾ അയാളുടെ കഴുതയെ തൊഴുത്തിൽ കെട്ടിയിട്ടിരുന്നു. രാത്രിയിൽ ചെകുത്താൻ നടക്കാനിറങ്ങിയപ്പോൾ അതിനെ കയറൂരിവിട്ടു. വിശന്നിരിക്കുകയായിരുന്ന കഴുത അയൽവാസിയുടെ പറമ്പിലെ വിളവെടുപ്പിനു പാകമായിനിന്ന വിളകളൊക്കെ നശിപ്പിച്ചു. രാവിലെ മുറ്റത്തിറങ്ങിയപ്പോൾ അതുകണ്ടു വല്ലാതെ പ്രകോപിതയായ കർഷകന്റെ ഭാര്യ തിന്നുനിറഞ്ഞ് കിടന്നുറങ്ങുകയായിരുന്ന ആ കഴുതയെ വെട്ടിക്കൊന്നു. കഴുതയുടെ കരച്ചിൽകേട്ട് ഓടിയെത്തിയ അതിന്റെ ഉടമ അപ്പോഴത്തെ അരിശത്തിന് ആ സ്ത്രീയെ ചവിട്ടിക്കൊന്നു. ഭാര്യയുടെ നിലവിളികേട്ട് ഓടിവന്ന കർഷകൻ വല്ലാതെ ക്ഷുഭിതനായി കഴുതയുടെ ഉടമയെ കുത്തിക്കൊന്നു. ബഹളം കേട്ട് കഴുതയുടെ ഉടമയുടെ ഭാര്യയും മക്കളും പാഞ്ഞെത്തി. അരിശംമൂത്ത് അവർ കർഷകന്റെ വീടിനു തീയിട്ടു. തന്റെ സർവ്വവും കത്തിച്ചാമ്പലായതിനു പ്രതികാരമായി കർഷകൻ ആ സ്ത്രീയെയും മക്കളെയും വാളിനിരയാക്കി. അല്പം കഴിഞ്ഞപ്പോൾ കർഷകനു വലിയ മനപ്രയാസമായി. അയാൾ ചെകുത്താന്റെ മുമ്പിലെത്തി. ഈ ഹീനമായ സംഭവങ്ങൾക്കെല്ലാം കാരണക്കാരൻ അവനല്ലേ എന്നു ചോദിച്ചു. അതിനു തന്ത്രശാലിയായ ചെകുത്താൻ കൊടുത്ത ഉത്തരം വളരെ ന്യായമായിരുന്നു: 'ഞാനൊരു തെറ്റും ചെയ്തില്ല. ഞാനാരെയും കൊന്നതുമില്ല. വിശന്നവശയായ ഒരു കഴുതയെ കെട്ടിയിട്ടിരിക്കുന്നതു കണ്ടപ്പോൾ ഞാനതിനെ തീറ്റതിന്നാൻ അഴിച്ചുവിട്ടു, അത്രേയുള്ളു. പിന്നെ സംഭവിച്ച എല്ലാ തിന്മകളും പ്രവർത്തിച്ച പിശാചുക്കളെ നിങ്ങളുടെ ഉള്ളിൽനിന്നു നിങ്ങളുതന്നെ തുറന്നുവിട്ടതാണ്'.

ഇന്നത്തെ മാധ്യമങ്ങളും ചെയ്യുന്നത് ഈ ചെകുത്താൻ ചെയ്തതുതന്നെയാണ്. കഴുതയെ അഴിച്ചുവിട്ടാൽ സംഭവിക്കാൻ പോകുന്നത് എന്തൊക്കെയായിരിക്കും എന്നു ചെകുത്താനുറപ്പായിരുന്നു. അതായിരുന്നു അവനു വേണ്ടതും. തെറ്റിധാരണകളുടെ കഴുതകളെ കയറൂരി വിടുന്നതു മാധ്യമങ്ങളാണ്. ഒരു ബിഷപ്പിന്റെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി മാത്രം യാതൊരു ദുരുദ്ദേശ്യവുമില്ലാതെ നൂറുശതമാനവും സത്യസന്ധമായി നടത്തിയ ഒരു പരാമർശം അടർത്തിയെടുത്ത് അഴിച്ചുവിട്ട് വിവാദമാക്കിയത് മാധ്യമങ്ങളാണ്. ആരോപണ പ്രത്യാരോപണങ്ങളും, തർക്കവിതർക്കങ്ങളുമൊക്കെ വളരെ കലുഷിതമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോളും മാധ്യമങ്ങളെല്ലാം ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി.

കൊറോണയുടെ കാര്യത്തിലും, മാധ്യമസമ്മർദ്ദങ്ങളുടെ അതിപ്രസരം വ്യക്തമാണ്. മാധ്യമങ്ങൾ അഴിച്ചുവിടുന്ന കഴുതകളോടു പ്രതികരിക്കാതിരിക്കാനുള്ള വിവേകവും വിവേചനവും കാട്ടേണ്ടത് നാമോരോരുത്തരും നമ്മെ നയിക്കുന്നവരുമാണ്. അതിനു സാധിക്കാതെവന്നാൽ അന്തമില്ലാത്ത അസ്വസ്ഥതകൾ അരങ്ങൊഴിയില്ല!

---



# വേദപുസ്തകം വന്ന വഴി

**ക്രി**.മു. നാലാം സഹസ്രാബ്ദത്തിന്റെ പ്രാരംഭഘട്ടത്തിൽ സുമേര്യർ എഴത്തുവിദ്യ അഭ്യസിച്ചിരുന്നു. ഏറെത്താമസിയാതെ ഈജിപ്റ്റിലും രേഖാസമ്പ്രദായം പ്രയോഗത്തിൽ വന്നു. കല്ലിലോ, ലോഹത്തിലോ പോറൽ ഉണ്ടാക്കുക, കളിമൺകട്ടയിൽ അടയാളങ്ങൾ കൊടുക്കുക എന്നീ പ്രകാരമായിരുന്നു പ്രാരംഭദശ. ഈജിപ്റ്റിൽ ചിത്രലിപികളും മെസൊപ്പൊത്തോമ്യയിൽ കോണെഴുത്തുമാണ് പ്രയോഗിച്ചത്. ഇഗാറിത്തിലെ ലിഖിതങ്ങൾ കളിമൺകട്ടയിൽ അടയാളപ്പെടുത്തിയ കോണെഴുത്താണ് (ക്രി.മു.1450-1350) അക്ഷര രൂപത്തിന്റെ ആരംഭം ഫിനീഷ്യയിലെ ബിബ്ലോസ് എന്ന സ്ഥലത്തായിരുന്നു (ക്രി.മു.2100-നും 1700-നും മദ്ധ്യേ). സീനായിൽ കണ്ടെടുത്ത ലിഖിതങ്ങൾ വായിച്ചെടുക്കുന്നതിൽ പണ്ഡിതർ ഇതുവരെ വിജയിച്ചിട്ടില്ല (ക്രി.മു.1850-1600).

ക്രി.മു. മൂന്നാം സഹസ്രാബ്ദം മുതൽ ഈജിപ്റ്റിൽ പപ്പൈറസ് ചുരുളുകൾ എഴുതുന്നതിന് ഉപയോഗിക്കുകയും മെഡിറ്ററേനിയൻ രാജ്യങ്ങളിൽ കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. ഇതിന്റെ അകത്തും വേണ്ടിവന്നാൽ പുറത്തും മഷി ഉപയോഗിച്ച് കോളങ്ങളായി എഴുതുകയായിരുന്നു പതിവ് (യെഹെ.2:10), യിരെമ്യാവിന്റെ മൊഴികൾ അടങ്ങിയ ചുരുളിലെ മൂന്നുനാലു കോളങ്ങൾ വായിച്ചുകേട്ടശേഷം രാജാവ് അത്രയും ഭാഗം മുറിച്ച് തീയിൽ ഇട്ടുവെന്ന് യിരെ.36:23-ൽ കാണുന്നു. കൂടാതെ, തടികൊണ്ടുള്ള പലകയിലും എഴുതിയിരുന്നതായി തെളിവുണ്ട് (യെശ.8:1, 30:8; ഹബ.2:2), എഴുതിയത് മായിച്ചുകളഞ്ഞശേഷം വീണ്ടും എഴുതാൻ ഉപകരിച്ചിരുന്നു (പുറ.32:32-33; സങ്കീ.69:28), കല്ലിലെഴുതിയതിനെപ്പറ്റിയും പഴയനിയമത്തിൽ പരാമർശമുണ്ട് (പുറ.31:18, 24:12-13; യോശു.8:32-34; ഇയ്യോ.19:23-24).

തുകൽച്ചുരുളുകളായിരുന്നു എഴുതുന്നതിനും കൂടെക്കൂടെ ഉപയോഗിക്കുന്നതിനും സൗകര്യം. ദീർഘകാലം ഈടുനിൽക്കുകയും ചെയ്യും. തിരുവെഴുത്ത് തുകൽച്ചുരുളിൽ എഴുതണമെന്നായിരുന്നു യഹൂദ നിയമം അനുശാസിച്ചത്, കുമ്റാനിൽനിന്നു കിട്ടിയ യെശയ്യാച്ചുരുൾ പതിനേഴു ചർമ്മപ്രതങ്ങൾ തുന്നിച്ചേർത്ത് തയ്യാറാക്കിയതായിരുന്നു. 26 സെ.മീ. വീതിയും 7.34 മീ.നീളവും. ഒരു കോളത്തിൽ 29 വരികളും ഓരോ വരിക്ക് 12 സെ.മീ.നീളവും, ഇപ്രകാരം ആകെ 54 കോളങ്ങളിലായി യെശയ്യാ പ്രവചനത്തിന്റെ 66 അദ്ധ്യായങ്ങളും രേഖപ്പെടുത്തിയതായിരുന്നു ഈ ചുരുൾ. തുണിയിൽ പൊതിഞ്ഞു മൺഭരണിയിൽ ക്രി.മു.രണ്ടാം നൂറ്റാണ്ടിലോ, ഒന്നാം നൂറ്റാണ്ടിലോ ഇത് ഭദ്രമായി സൂക്ഷിച്ചു.

(തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**ന്യായപ്രമാണം ക്രിസ്തുവിൽ നിവർത്തിയായി എന്നു പറയുന്ന പൗലോസ് ന്യയപ്രമാണ സംബന്ധമായ നേർച്ചകൾ ദൈവാലയത്തിൽ ചെന്ന് നിവർത്തിക്കുന്നതായി പ്രവർത്തികളുടെ പുസ്തകത്തിൽ കാണുന്നു. പൗലോസിന്റെ ഈ ഇരട്ടത്താപ്പ് ദൈവവചന അടിസ്ഥാനത്തിൽ എങ്ങനെയാണ് നോക്കിക്കാണേണ്ടത്.**

**-സി.വി.പാപ്പച്ചൻ, പുന്നല, പിറവന്തൂർ, പുനലൂർ**

പ്രവൃ. 1 8 : 1 8 ൽ പൗലോസ് യെരുശലേം ദൈവാലയത്തിൽ ചെന്ന് തല ക്ഷൗരം ചെയ്യിക്കുന്നതായി കാണാം. അതുപോലെ, 21:23ൽ നേർച്ചയുള്ള നാലു പുരുഷൻ മാരുടെ തല ക്ഷൗരം ചെയ്യിക്കുന്നതിനും മറ്റുമുള്ള ചെലവുകൾ വഹിക്കുകയും ചെയ്യുന്നു.

ആദ്യമായി ഇത് എന്തു നേർച്ചയാണ് എന്ന് നോക്കാം. അതറിയാൻ സംഖ്യ 6:1 –21 വായിക്കുക. നാസീർ എന്നൊരു വ്രതത്തേക്കുറിച്ച് ഇവിടെ പറയുന്നു. ഈ വ്രതം നോക്കുന്ന കാലത്ത് വീഞ്ഞോ മദ്യമോ കഴിക്കരുതെന്നും തല ക്ഷൗരം ചെയ്യരുതെന്നും ന്യായപ്രമാണം പറയുന്നു. ഈ വ്രതം അവസാനിക്കുമ്പോൾ തല ക്ഷൗരം ചെയ്യണം. ദൈവാലയത്തിൽ വെച്ചുവേണം ഇങ്ങനെ ചെയ്യാൻ. അതോടൊപ്പം ചില യാഗങ്ങളൊക്കെ നടത്തേണ്ടതുമുണ്ട്. നല്ല പണച്ചെലവുള്ള കാര്യമാണിത്. നാലു പുരുഷൻമാർക്കുവേണ്ടി പൗലോസ് ഈ ചെലവുകൾ വഹിക്കുന്നതായി നാം കാണുന്നു. പൗലോസ് ന്യായപ്രമാണം അനുസരിക്കുന്നവനാണെന്ന് യഹൂദൻമാരെ ബോദ്ധ്യപ്പെടുത്താനായിരുന്നു ഈ തത്രപ്പാടൊക്കെ കഴിച്ചത്.

പൗലോസ്, ന്യായപ്രമാണത്തിന് എതിരായി പ്രസംഗിക്കുകയും പഠിപ്പിക്കുകയും മറ്റും ചെയ്യുന്നു എന്നൊരു പ്രചരണം ഉണ്ടായിരുന്നു. അതുകൊണ്ട് പൗലോസിനെതിരെ നടപടി എടുക്കുവാൻ യഹുദൻമാർ ആലോചിക്കുന്ന സമയമായിരുന്നു അത്. അതിനൊരു പ്രതിവിധി എന്ന നിലയിലാണ് ഈ ക്ഷൗരപ്പരിപാടി നടത്തിയത്. പക്ഷേ, അതുകൊണ്ട് വിപരീത ഫലമാണുണ്ടായതെന്ന് നമുക്കു കാണാം. പെന്തക്കോസ്ത് നാളിലാണ് ദൈവസഭ ആരംഭിച്ചത്. പക്ഷേ, അന്നു മുതൽ സഭയുടെ എല്ലാ വിശ്വാസാചാരങ്ങളും ആരംഭിച്ചു എന്ന് പറയാനാവില്ല. യെഹൂദ ക്രിസ്ത്യാനികൾ ന്യായപ്രമാണത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ കുറച്ചുകാലംകൂടി തുടർന്നു. പരിഛേദനയുടെ കാര്യം തന്നെ ഉദാഹരണമായെടുക്കാം. പരിചേദന എന്നത് നിത്യനിയമമാണെന്നും അത് അനുഷ്ഠിക്കാതെ രക്ഷ പ്രാപിക്കാൻ സാധിക്കയില്ല എന്നും വാദിച്ചിരുന്ന വലിയൊരു കൂട്ടം ക്രിസ്ത്യാനികൾ ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു. വളരെ വാദപ്രതിവാദങ്ങൾക്കു ശേഷമാണ് ഈ ആചാരം സഭയിൽ നിന്നും പുറത്തായത്.

ന്യായപ്രമാണം പുതിയനിയമത്തിന്റെ നിഴലാണെന്നും അതുകൊണ്ട് ദൈവസഭ ന്യായപ്രമാണം അനുസരിക്കേണ്ടതില്ലെന്നും യഹൂദ ക്രിസ്ത്യാനികളെ ബോദ്ധ്യപ്പെടുത്താൻ അപ്പോസ്തലൻമാർക്ക് വളരെ പാടുപെടേണ്ടതായി വന്നിട്ടുണ്ട്. ഗലാത്യർ, കൊലോസ്യർ തുടങ്ങിയവർക്ക് പൗലോസ് എഴുതിയ ലേഖനങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ, ഇതൊക്കെ എഴുതിയ പൗലോസ് എന്തിന് തല മൊട്ടയടിക്കാൻ പോയി?

പുണ്യവാളൻമാരെ വണങ്ങുന്ന പാരമ്പര്യത്തിൽ നിന്ന് വിശ്വാസത്തിൽ വന്നവരാണ് ഭൂരിപക്ഷം വിശ്വാസികളും. അതുകൊണ്ട് പൗലോസ്, പത്രോസ് തുടങ്ങിയവരൊക്കെ തെറ്റു പറ്റാത്ത ദിവ്യൻമാരാണെന്നൊരു ധാരണ നിലനിൽക്കുന്നു. പക്ഷേ, അപ്പൊസ്തലൻമാരും ആദിമ പിതാക്കൻമാരും നമുക്കു സമസ്വഭാവമുള്ള മനുഷ്യരായിരുന്നു എന്ന് മറന്നുപോകരുത്. നമുക്കു പറ്റുന്ന അബദ്ധങ്ങളൊക്കെ അവർക്കും പറ്റാം. അങ്ങനെ പറ്റിയിട്ടുമുണ്ട്. ക്ഷൗരപ്രശനവും ഈവിധത്തിലുള്ള ഒന്നാണ്.

പൗലോസിനും പത്രോസിനും മറ്റും തെറ്റുപറ്റിയിട്ടുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെങ്കിലും സംഗതി സത്യമാണ്. ബർന്നബാസും പൗലോസും തമ്മിൽ വഴക്കുണ്ടാക്കേണ്ട കാര്യമുണ്ടായിരുന്നോ? നിസ്സാര പ്രശ്നത്തിനാണ് അവർ വഴക്കുണ്ടാക്കിയതും ഉഗ്രവാദം നടത്തിയതും. ഈ വിഷയത്തിൽ പൗലോസിനാണ് തെറ്റു പറ്റിയതെന്ന് പിൽക്കാലത്ത് പൗലോസ് തന്റെ പ്രവൃത്തിയിലൂടെ സമ്മതിക്കുന്നുമുണ്ട്. അതുപോലെ, ജാതികളോടൊപ്പം ഭക്ഷണം കഴിക്കാൻ പത്രോസ് മടിച്ചത് ശരിയായ നടപടിയാണെന്ന് പറയാൻ കഴിയുമോ? ഈ വിഷയത്തിൽ പൗലോസ് പരസ്യമായി പത്രോസിനെ എതിർത്തു. ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ട ഒരു വസ്തുത ഇതാണ്: പൗലോസും പത്രാസും മറ്റും നമുക്കു സമസ്വഭാവമുള്ള മനുഷ്യരായിരുന്നു. നമുക്ക് അബദ്ധങ്ങൾ പറ്റാം. ഭയന്ന് ഓടിയെന്നു വരാം. അതുപോലെ അപ്പൊസ്തലൻമാർക്കും അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. അവർ ഭയന്ന് ഓടിയിട്ടുണ്ട്. രക്ഷപ്പെടാൻ വേണ്ടി ചില്ലറ അടവുകളും പ്രയോഗിച്ചിട്ടുണ്ട്. പൗലോസ് സദൂക്യരേയും പരീശൻമാരേയും തമ്മിൽ തല്ലിച്ച സംഭവം ഓർക്കുക. അത് തെറ്റായിപ്പോയെന്ന് പൗലോസ് സമ്മതിക്കുന്നുമുണ്ടല്ലോ. അപ്പോസ്തലൻമാർക്ക് അബദ്ധങ്ങൾ പറ്റുമെങ്കിൽ അവർ എഴുതിവെച്ചതൊക്കെ വിശ്വസിക്കുന്ന നമ്മൾ അബദ്ധത്തിൽ ചാടില്ലേ എന്ന് ചോദിച്ചേക്കാം. അതിനുള്ള മറുപടി ഇതാണ്;

അപ്പോസ്തലൻമാരുടെ പ്രവൃത്തികൾ പൂർണ്ണമായി ദൈവഹിതപ്രകാരമാണെന്ന് പറയാനാവില്ല. ഉദാഹരണങ്ങൾ നാം കണ്ടുകഴിഞ്ഞല്ലോ. അതുകൊണ്ട് പൗലോസ് തല മൊട്ടയടിച്ചു എന്ന കാരണത്താൽ നാം തല മൊട്ടയടിക്കാൻ തുനിയേണ്ടതില്ല. പക്ഷേ, ഇതേ പൗലോസ് ന്യായപ്രമാണത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് നാം അംഗീകരിക്കണം. കാരണം, പൗലോസ് അതൊക്കെ എഴുതിയത് ദൈവാത്മാവിലാണ്. തെറ്റു പറ്റാത്ത ഒരാൾ മാത്രമേ ഈ ഭൂമിയിൽ ജീവിച്ചിരുന്നിട്ടുള്ളു. അത് കർത്താവായ യേശുക്രിസ്തുവാണ്. അതുകൊണ്ട് കർത്താവിന്റെ ഉപദേശങ്ങൾ മാത്രമല്ല ജീവിതവും അതേപടി അനുകരിക്കുന്നത് തികച്ചും ഉചിതമാണ്. പക്ഷേ, അബ്രഹാം, യിസഹാക്, യാക്കോബ്, ദാവീദ്, അപ്പൊസ്തലൻമാർ തുടങ്ങിയവരൊക്കെ വെറും മനുഷ്യരായിരുന്നു, നമ്മേപ്പോലെ പച്ച മനുഷ്യർ. അതുകൊണ്ട് അവർ ശരി മാത്രമല്ല ചെയ്തിട്ടുള്ളത്. ഇവരുടെ പ്രവൃത്തികളിൽ ചിലതൊക്കെ അനുകരണീയമല്ലാത്തത് ഈ കാരണത്താലത്രേ. പക്ഷേ, ഇവരിൽ ചിലർ ദൈവവചനത്തിന്റെ ചില ഭാഗങ്ങൾ എഴുതിയിട്ടുണ്ട്. ദൈവാത്മ പ്രേരണയാലാണ് അവർ അത് എഴുതിയത്. ആ കാരണത്താൽ നമുക്ക് അതൊക്കെ സ്വീകരിക്കാം.

ന്യായപ്രമാണം ക്രിസ്തുവിൽ നിവൃത്തിയായി എന്ന വസ്തുത നന്നായറിയാവുന്ന പൗലോസ് തല മൊട്ടയടിക്കാൻ പോകേണ്ട ആവശ്യമില്ലായിരുന്നു. മറ്റുള്ളവരുടെ തല ക്ഷൗരം ചെയ്യിക്കാൻ മിനക്കെടേണ്ട ആവശ്യവുമില്ലായിരുന്നു. പക്ഷേ, യഹൂദൻമാരുടെ പ്രീതി സമ്പാദിക്കാനായി പൗലോസ് ഇതൊക്കെ ചെയ്തു. അതിന്റെ ഫലം അനുഭവിക്കുകയും ചെയ്തു. ഇതിൽ നിന്ന് നാം പാഠം ഉൾക്കൊള്ളണം. ആരൊക്കെ എതിർത്താലും അറിഞ്ഞ സത്യത്തിനുവേണ്ടി നിവർന്നു നിൽക്കാനുള്ള ധൈര്യം നമുക്കുണ്ടാകണം.

---

**ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ലായെന്നും, ദൈവത്തെ കണ്ടാൽ മരിച്ചുപോകുമെന്നും വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. അതെസമയം അനേകർ ദൈവത്തെ കണ്ടു എന്ന് വേദപുസ്തകത്തിൽ പറയുന്നുമുണ്ട്. ഇവരാരും മരിച്ചുമില്ല. വൈരുദ്ധ്യം നിറഞ്ഞ ഈ പ്രസ്താവനകളിൽ നിന്ന് എന്താണ് ഗ്രഹിക്കേണ്ടത്.**

**-പി.സി. ജോർജ്ജ്, പാലമൂട്ടിൽ, ചുമത്ര, തിരുവല്ല**

ദൈവത്തെ അറിയാത്ത അവസ്ഥ എന്നെങ്കിലും മനുഷ്യന് ഉണ്ടായിരുന്നതായി ബൈബിൾ പഠിപ്പിക്കുന്നില്ല. എന്നാൽ അറിയുന്നത് ദൈവം അറിയിക്കുന്നതുകൊണ്ടുമാത്രമാണ്. അറിയിക്കുന്നതത്രെയും മാത്രവും ആണ്. ദൈവം പ്രത്യക്ഷപ്പെടുന്നു, മനുഷ്യൻ കാണുന്നു. ദൈവം സംസാരിക്കുന്നു; മനുഷ്യൻ കേൾക്കുന്നു. മോശയോ പ്രവാചകന്മാരോ ദാർശനിക ലോകത്തിലെ ഏതെങ്കിലും ബൗദ്ധികശ്രേണി വഴിയല്ല ദൈവത്തെ അറിയുന്നത്. ദൈവം മനുഷ്യനെ സമീപിക്കുന്നു, ദൈവം മനുഷ്യനുമായി ഉടമ്പടി ചെയ്യുന്നു. ദൈവം മനുഷ്യന് കൽപ്പനകളും നിർദ്ദേശങ്ങളും നൽകുന്നു, ഇതാണ് വീക്ഷണം.

ദൈവം ഒരു വ്യക്തി എന്ന ധാരണ പഴയനിയമത്തിൽ വ്യക്തമാണ്. മനുഷ്യനെപ്പോലെ ദൈവത്തെ സങ്കൽപ്പിക്കുന്നതിന് ആന്ത്രപ്പോമോർഫിസം എന്ന് പറയും. പ്രാചീന മതങ്ങളിലെല്ലാംതന്നെ ഇത് കാണാം. എന്നാൽ ദൈവീകമായ അതീന്ദ്രിയത ഇസ്രായേലിന്റെ സങ്കല്പത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ദൈവത്തിന്റെ രൂപം നിർമ്മിക്കാൻ ഇസ്രായേലിൽ അനുവാദം ഇല്ലാതിരുന്നത്. ഇസ്രായേലിന്റെ ആന്ത്രപ്പോമോർഫിസത്തിന് പല ഭാവങ്ങൾ കാണുവാൻ കഴിയും.

സ്വർഗ്ഗത്തിലെ ദൈവം (ഉല്പ.24:7), സമീപസ്ഥനും ദൂരസ്ഥനുമായ ദൈവം (യിരെ.23:23), രക്ഷയുടെ ദൈവം, നീതിമാനായ ദൈവം, പാറയാം ദൈവം, ദുർഗ്ഗമായ ദൈവം, സ്തുതിയാകുന്ന ദൈവം–ഇങ്ങനെ വ്യക്തിഗതവും സാമൂഹ്യവുമായ അനുഭവങ്ങളിൽ യഥാർത്ഥവാനായ സത്യേകദൈവം മനുഷ്യർക്കു വെളിപ്പെടുന്നു (സങ്കീ.18:47; 4:2; 18:3; 43:2; 19:1).

മേഘവും ധൂപവും അഗ്നിയും ആ ദിവ്യചൈതന്യത്തിന്റെ പ്രതീകങ്ങളാകുന്നു (പുറ.19:16–19; 34:5–7). അവിടുന്ന് എന്തായി അനുഭവപ്പെടുന്നുവോ അങ്ങനെ അവർ അവിടുത്തെ അറിഞ്ഞു, സംബോധന ചെയ്തു (പുറ.34:5–7). അനാദിയായ ദൈവം ശാശ്വതമായി ഒരേ രൂപത്തിൽ പ്രത്യക്ഷപ്പെടുകയായിരുന്നില്ല, പ്രത്യുത, യഥാസമയം ക്രിയാത്മകമായി വെളിപ്പെടുത്തുകയായിരുന്നു. അബ്രഹാമിന് 'പരിച'യും (ഉല്പ.15:1), 'വല്ലഭനും' യിസ്ഹാക്കിന് 'ഭയ'വും (ഉല്പ.31:42), യാക്കോബിന് 'വല്ലഭനും' (ഉല്പ.49:24), ഹാഗാറിന് 'എന്നെ കാണുന്നവനും' (ഉല്പ.16:13), മനോഹയ്ക്ക് 'അതിശയ'വും (ന്യായ.13:18), അടിമത്തം അനുഭവിച്ച ജനതയ്ക്ക് 'വിമോചകനും' ആയി ദൈവം അനുഭവപ്പെട്ടു. 'ഞാനാകുന്നത്' നിശ്ചലമായ നാമരൂപത്തിലായിരുന്നില്ല; മനുഷ്യന്റെ ജീവിതാനുഭവങ്ങളിലെ ആവശ്യങ്ങളുടെ മുമ്പിൽ ക്രിയാത്മക ചൈതന്യമായിട്ടായിരുന്നു. യാഥാർത്ഥ്യം അങ്ങനെയാണ് വെളിപ്പെട്ടുവരിക.

ചുരുക്കത്തിൽ മനുഷ്യന്റെ ആവശ്യമറിഞ്ഞ് മനുഷ്യന്റെ പരിമിതിയ്ക്കുള്ളിൽ അവന് ഉൾക്കൊള്ളാവുന്ന വിധത്തിൽ അംശമായി, ഭാഗീകമായ നിലയിലെ ദൈവം മനുഷ്യന് വെളിപ്പെട്ടിട്ടുള്ളൂ. ശിഷ്യന്മാർക്കും പ്രവാചകന്മാർക്കും അവരുടെ ആത്മവിവശതയിലെ ദർശനംപോലും അപൂർണ്ണമായിരുന്നു എന്നുവേണം കരുതാൻ.

സൂര്യനെ നാം എന്നും കാണുന്നു. എന്നാൽ അതിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ നമുക്കു കഴിഞ്ഞിട്ടില്ല. കാഴ്ച ഭാഗികം, അല്പമായ അറിവ്. സൂര്യനെ നാം കണ്ടു എന്നു പറയുമ്പോൾ കാഴ്ചയിലെ പരിമിതി അറിയാതെയാണ് നാം ആ വാക്ക് ഉപയോഗിക്കുന്നത്. കാഴ്ചയുടെ പൂർണ്ണത ബാഹ്യ ആന്തരിക തലങ്ങളെ തൊട്ടുള്ളതാണെന്ന് നാം അറിഞ്ഞിരിക്കണം. ദൈവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ Eternal, Omnipresent, Omniscient, Omnipotent, Transcendent, Immanent തുടങ്ങിയ വാക്കുകളുടെ പ്രസക്തിയും നാം മനസിലാക്കേണ്ടതുണ്ട്.

അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന 1 തിമൊ.6:16. തേജസിനെയും പ്രകാശത്തേയും വസ്ത്രംപോലെ ഉടുത്തിരിക്കുന്ന സങ്കീ.104:1,2. സർവ്വശക്തനായ ദൈവത്തെ പൂർണ്ണതയോടെ ഒരുനാളും മനുഷ്യൻ കണ്ടിട്ടില്ല. ഒരിക്കലും മനുഷ്യന് അത് ഉൾക്കൊള്ളാൻ കഴിയുകയില്ല. പൂർണ്ണതേജസ്സോടെ, മഹത്വത്തോടെ ദൂതന്മാർപോലും മുഖം മറച്ച് ആരാധിക്കുന്ന–ദൈവത്തെ താൻ ആയിരിക്കുന്ന അവസ്ഥയിൽ നാം ദർശിക്കും എന്നുള്ളതാണ് ദൈവവചനത്തിൽ അടിയുറച്ചിരിക്കുന്ന ഓരോ വിശ്വാസിയുടെയും പ്രത്യാശ. വായിക്കുക: 1 തിമൊ.6:15,16.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

*Annual Subscription Rs. 250/-*

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Jan: 2022 at RMS Kayamkulam
Published on Ist Jan: 2022
RNI Registered No. KERMAL/2002/7361




**ലോ**കത്തിലെ ആദ്യത്തെ ബഹിരാകാശ യാത്രികനാണ് സോവിയറ്റ് റഷ്യയുടെ യൂറിഗഗാറിൻ. 1961 ഏപ്രിൽ 12-ാം തീയതി ബഹിരാകാശത്തിൽ 284 കിലോമീറ്റർ ഉയരത്തിൽ ഭൂമിയെ അയാൾ വലംവച്ചു. എന്നിട്ട് വിജയകരമായി യാത്രകഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ ഒരുപാടുപേർ യാത്രയെക്കുറിച്ച് തിരക്കാൻ യൂറിഗഗാറിന്റെ അടുത്തെത്തി. അപ്പോൾ യൂറിഗഗാറിൻ ആദ്യമായി ബഹിരാകാശത്തിൽ പോയതിന്റെ അഹങ്കാരത്തിൽ പറഞ്ഞു, 'ഈ ഭൂമിയിലുള്ള ചില പൊട്ടന്മാർ പറയുന്നതുപോലെ ദൈവം ഉണ്ടോ എന്ന് ഞാൻ ബഹിരാകാശത്തിൽ ഒക്കെ നോക്കി. പക്ഷേ അവിടെ ദൈവത്തെയോ ദൈവദൂതന്മാരെയോ കണ്ടില്ല.



ഇത് കേട്ടുനിന്ന മറ്റൊരു ശാസ്ത്രജ്ഞനായ ഗ്രീക്ക് പറഞ്ഞു: "അങ്ങ് ബഹിരാകാശയാത്ര നടത്തിയത് ദൈവത്തെ കാണാനാണോ എങ്കിൽ അങ്ങാണ് ലോകത്തിലെ ഏറ്റവും വലിയ മണ്ടൻ. കാരണം ദൈവം പ്രപഞ്ചത്തിന്റെ സൃഷ്ടാവാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടിതാവായ ദൈവത്തെ പ്രപഞ്ചത്തിന്റെ ഒരു കോണായ ബഹിരാകാശത്തിൽ പോയി തപ്പുന്നത് മൺകുടം ഉണ്ടാക്കിയ കുശവനെ കുടത്തിന്റെ അകത്ത് തപ്പുന്നതുപോലെയാണ്".

എന്നാൽ ഭൂമിയിൽ നിന്ന് ഏകദേശം 2,26,970 മൈൽ ദൂരെയുള്ള ചന്ദ്രനിൽ 1969 ജൂലൈ 21-ന് അപ്പോളോ എന്ന വാഹനത്തിൽ മനുഷ്യൻ കാലുകുത്തി. അമേരിക്കയുടെ നീൽ ആസ്ട്രോങ്ങ് ഈ ബഹുമതി കൈക്കലാക്കി. ചന്ദ്രനിലിൽ കാലുകുത്തിയ അദ്ദേഹം ഭൂമിയിലേക്ക് ഒരു സന്ദേശം അയച്ചു. "ഈ പ്രക്ഷേപണം കേൾക്കുന്ന നിങ്ങളെ ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ". സഹയാത്രികനായ എഡ്വിൻ ആൽഡ്രിൻ രണ്ടാമൻ ചന്ദ്രനിൽ ഇറങ്ങി അവിടെ നിന്നുകൊണ്ട് ഒരു ബൈബിൾ വാക്യം ഉദ്ധരിച്ചു: "നിന്റെ വിരലുകളുടെ പണിയായ ആകാശത്തേയും നീ ഉണ്ടാക്കിയ ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്?"

"അതേ ഈ വലിയ പ്രപഞ്ചത്തെ കാണുമ്പോൾ തന്നെ അതിനെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ മഹത്വത്തെ അറിയുവാൻ നമുക്ക് കഴിയണം. പ്രപഞ്ചത്തെക്കുറിച്ച് നാം അറിയുന്തോറും ദൈവത്തിന്റെ മഹത്വം മനസ്സിലാക്കുകയും ആ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യും.



# നീറോ



**"റോം** കത്തിയെരിയുമ്പോൾ നീറോ വീണ വായിക്കുന്നു''. ആ പഴഞ്ചൊല്ല് നീറോ ചക്രവർത്തിയുമായി ബന്ധപ്പെട്ടതാണ്. റോമിലെ രാജാവായിരുന്നു നീറോ. തന്റെ മകൻ രാജാവാകാൻ അമ്മ അഗ്രിപ്പിന "ക്ലോഡിയസ് രാജാവിനെ" വിഷംകൊടുത്തു കൊലപ്പെടുത്തി. എ.ഡി.54-ൽ നീറോ റോമിന്റെ ചക്രവർത്തിയായി. ആദ്യമൊക്കെ അമ്മയുടെ ഇടപെടൽ മകന് ഇഷ്ടമായിരുന്നു. എന്നാൽ പിന്നീടതൊക്കെ മാറിമറിഞ്ഞു. ഇരുപതു വയസുള്ളപ്പോൾ മകൻ അമ്മയെ കൊന്നു. തന്നിഷ്ടംപോലെ ഭരണം നടത്തി. സേവകരുടെ പരിരക്ഷയിൽ ആയിരുന്നു നീറോയുടെ ഭരണം.

എ.ഡി. 64 ജൂലൈ 19-നു റോമിൽ ഭയങ്കരമായ അഗ്നിബാധ ഉണ്ടായി. നഗരത്തിന്റെ നാലിലൊന്നു നശിച്ചു. ഈ ദുരന്തത്തിനുശേഷം അധോലോക ദേവതകൾക്കു പൂജ നടത്തുകയും എല്ലാ ദേവന്മാർക്കും ബലിയർപ്പിക്കുകയും ചെയ്തു. ഒരുയർന്ന ഗോപുരത്തിലിരുന്ന് അഗ്നി കത്തിക്കാളുന്നതു കണ്ടുരസിച്ച് നീറോ വീണമീട്ടിക്കൊണ്ടിരുന്നതായി പറയപ്പെടുന്നു. മന്ദിരനിർമ്മാണത്തിന് സ്ഥലം ലഭിക്കുവാൻ വേണ്ടി നീറോ തന്നെയാണ് അഗ്നിബാധയ്ക്ക് കാരണമായതെന്നു വിശ്വസിക്കപ്പെടുന്നു. കുറ്റം ക്രിസ്ത്യാനികളുടെമേൽ ചുമത്തി, ക്രിസ്ത്യാനികളെ വളരെയധികം പീഡിപ്പിച്ചു. ക്രൂരവും അസാധാരണമായ വിധത്തിലാണ് ക്രിസ്ത്യാനികളെ ദണ്ഡിപ്പിച്ചത്. ചിലരെ മൃഗങ്ങളുടെ തോലുടുപ്പിച്ച് പട്ടികളെക്കൊണ്ട് ആക്രമിപ്പിച്ചു. ചിലരെ ക്രൂശിക്കുകയും നൂറോയുടെ ഉദ്യാനങ്ങളിൽ ദീപാലങ്കാരം പോലെ കത്തിക്കുകയും ചെയ്തു.

നീറോയുടെ സ്വഭാവമാറ്റം കണ്ട് സെനക്ക നീറോയെ ഉപദേശിക്കുകയുണ്ടായി. ഒടുവിൽ സെനക്കയെയും നീറോ വധിച്ചു. ഗർഭിണിയായിരുന്ന പോപ്പെയെ ചവിട്ടിക്കൊന്നു. തന്റെ വിവാഹാഭ്യർത്ഥന നിരസിച്ചതുകൊണ്ടു ദത്തുസഹോദരിയായ അന്തോണിയായെ വധിക്കുവാൻ കല്പിച്ചു. അനന്തരം സ്റ്റാറ്റിലിയാ മെസ്സാലിനയെ വിവാഹം ചെയ്തു; അവളുടെ ഭർത്താവിനെ വധിച്ചു. അവസാനകാലത്ത് നല്ല പൗരന്മാരിൽ പലരെയും നീറോ കൊന്നു. 68-ൽ ഗാളിലും സ്പെയിനിലും ആഫ്രിക്കയിലും കലാപം ഉണ്ടായി. കൊട്ടാരത്തിലെ സൈന്യവും നീറോയ്ക്കെതിരെ തിരിഞ്ഞു. സെനറ്റ് നീറോയ്ക്ക് വധശിക്ഷ വിധിച്ചു. റോമിൽനിന്നു പലായനം ചെയ്യേണ്ട ദുഃസ്ഥിതി വന്നു. എ.ഡി.68 ജൂൺ 9-ന് നീറോ ആത്മഹത്യ ചെയ്തു. നീറോ മരിച്ചിട്ടില്ലെന്നും അയാൾ മടങ്ങിവരുമെന്നും പലരും വിശ്വസിച്ചിരുന്നു. എ.ഡി.69-ൽ ആസ്യയിലും അഖായയിലും ഒരു വ്യാജ നീറോ എഴുന്നേറ്റു. പക്ഷേ അവൻ വധിക്കപ്പെട്ടു. ഇതുപോലെ പല സംഭവങ്ങളുമുണ്ടായി. വെളിപ്പാടു പുസ്തകത്തിലെ മൃഗം നീറോ ആണെന്നു കരുതുന്നവരുണ്ട്. വരാനിരിക്കുന്ന എതിർക്രിസ്തുവിനെ നീറോയിൽ ദർശിക്കുന്നവരും കുറവല്ല. നീറോയുടെ ഭാര്യ പോപ്പെയാ യെഹൂദ മതത്തിൽ തത്പരയായിരുന്നു എന്ന് ജൊസീഫസ് പറയുന്നുണ്ട്. അതിനാലാണ് യെഹൂദന്മാരിലേറെ ക്രിസ്ത്യാനികളെ നീറോ ഉപദ്രവിച്ചത്. അപ്പൊസ്തലന്മാരായ പത്രൊസും പൗലോസും റോമിൽ വച്ച് നീറോയാൽ വധിക്കപ്പെട്ടു എന്നു കരുതുന്നു.




☺ ഭോഗ-ഭൗതീക പ്രവണതകളെ തളയ്ക്കണമെന്ന് പ്രസംഗിക്കുന്നവർ ജീവിതത്തിൽ അത് പ്രാവർത്തികമാക്കുന്നുണ്ടോ?

ഷിനു മാനുവേൽ, മല്ലശ്ശേരി, തെങ്ങിൽ, പത്തനംതിട്ട

☹ **പ്രസംഗവേദിയിൽ വച്ച് തളയ്ക്കും. അതു കഴിയുമ്പോൾ അഴിച്ചുവിടും.**

☺ എന്തിനാണ് ചിലർ തങ്ങളുടെ പ്രസംഗങ്ങളിൽ പ്രകൃതി വിരുദ്ധ ശത്രു എന്ന നിലയിൽ സ്ത്രീകളെ ചിത്രീകരിക്കുന്നത്?

മോനമ്മ സൈമൺ, പന്നയോട്, കാട്ടാക്കട, തിരുവനന്തപുരം

☹ **പ്രകൃതിവിരുദ്ധമായി ചെന്ന് പ്രകൃതിക്ഷോഭത്തിൽ അകപ്പെട്ടവരാണവർ**

☺ കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുന്ന ഭാര്യയാണോ ചോറിൽ വെള്ളമൊഴിച്ച് കാത്തിരിക്കുന്ന അമ്മയാണോ നല്ലത്?

സാബു പോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലക്കുട, തൃശ്ശൂർ

☹ **കണ്ണിലും ചോറിലും മണ്ണുവാരിയിടാത്തിടത്തോളം കാലം രണ്ടുപേരും കുഴപ്പമില്ല.**

☺ ആശങ്ക വേണ്ട, ജാഗ്രത മതി എന്ന് സർക്കാർ ആവർത്തിക്കുന്നതിനു കാരണം?

ലീലാമ്മ പാപ്പച്ചൻ, കിഴക്കൻമുത്തൂർ, കുറ്റപ്പുഴ, തിരുവല്ല

☹ **ജനങ്ങൾക്ക് ആശങ്ക കൂടിയാൽ ആദ്യം പൊട്ടുന്നത് ഡാമല്ല, സർക്കാരായിരിക്കും. അതുകൊണ്ടാണ് ആശങ്ക വേണ്ട, ജാഗ്രത മതി എന്നു പറയുന്നത്.**

☺ നമ്മുടെ നാട്ടിലെ ആളുകളെക്കുറിച്ച് എന്താണ് അഭിപ്രായം?

കെ. വി. തോമസ്, ചതകുന്ന്, മൂലപ്പാടം, നിലമ്പൂർ

☹ **ഏതു ദുരന്തവും അതിജീവിക്കാൻ പഠിച്ച അസാധാരണ പ്രതിഭകൾ.**

☺ കൊറോണ കാലത്ത് നേതാക്കളും വിശ്വാസികളും?

ജോമോൻ ജോസഫ്, കോളപ്ര, കുടയത്തൂർ, തൊടുപുഴ

☹ **നേതാക്കൾക്ക് വെള്ളിരേഖ, വിശ്വാസികൾക്ക് ദരിദ്രരേഖ**

☺ ഒരു ചാനൽ മേധാവി പറയുന്നു, പ്രായം വെറും നമ്പർ മാത്രമാണെന്ന്. അദ്ദേഹത്തോട് എന്താണ് പറയാനുള്ളത്?

സീനു ജോൺസൺ, പള്ളിപ്പാടി, പാറത്തോട്, കോട്ടയം

☹ **വയസാംകാലത്ത് നമ്പർ ഇറക്കി ജീവിയ്ക്കാമെന്നത് വ്യാമോഹം മാത്രമാണ്.**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally